മലങ്കര സുറിയാനി കത്തോലിക്കാസഭ
തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 24 | 2019 മെയ് | ലക്കം 5




## *FIESTA* - യുവജന ധ്യാനം

(പട്ടം, 01 – 05 – 2019)



മാതൃകയാവാനായ് വിനയത്തിൻ മാർഗ്ഗം
കാൽകഴുകൽ ശുശ്രൂഷ (കത്തീഡ്രൽ, 18 – 04 – 2019)



തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ റീജൻസി പൂർത്തിയാക്കി വൈദിക വസ്ത്രം സ്വീകരിച്ച വൈദിക വിദ്യാർത്ഥികൾ
അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയോടൊപ്പം (സെന്റ് അലോഷ്യസ് സെമിനാരി ചാപ്പൽ, 09 – 04 – 2019)



ബഥനി സന്യാസിനി സമൂഹം തിരുവനന്തപുരം പ്രൊവിൻസിന്റെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട
പ്രൊവിൻഷ്യൽ ടീം അംഗങ്ങൾ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയോടൊപ്പം (20 – 04 – 2019)

## മലങ്കര സുറിയാനി കത്തോലിക്കാസഭ

### തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 24 2019 മെയ് ലക്കം 5

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

# THE SYRO-MALANKARA CATHOLIC CHURCH
## MAJOR ARCHDIOCESE OF TRIVANDRUM

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archbishop's House
Pattom, Trivandrum-695004

No. CL-Tvm 3/2019 — 16 April 2019

### സർക്കുലർ

### മേജർ അതിരൂപതാ സുവിശേഷസംഘം

പ്രിയ വൈദിക സഹോദരങ്ങളേ/ സുവിശേഷ സംഘാംഗങ്ങളെ,

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം 2012 ജനുവരി മാസം മുതൽ പ്രവർത്തനം ആരംഭിച്ച് ഇപ്പോൾ ഏഴ് വർഷം പൂർത്തിയായിരിക്കുന്നു. 2018 ഡിസംബർ വരെയുള്ള കണക്കനുസരിച്ച് 882 വ്യക്തികൾ സഭാതലത്തിലും ഭദ്രാസനതല ത്തിലും പരിശീലനം നേടി കൈവയ്പ് സ്വീകരിച്ചിരിക്കുന്നു.

തിരുവനന്തപുരം മേജർ അതിരൂപതയിൽ 178 പേർക്ക് ഇതുവരെ കൈവയ്പ് ശുശ്രൂഷ ലഭിച്ചിട്ടുണ്ട്. കൂടാതെ നിരവധി പേർ കൈവയ്പ്പിനായി പരിശീലനം നേടിക്കൊണ്ടിരിക്കുന്നു. സുവിശേഷസംഘാംഗങ്ങളുടെ വിവിധ ശുശ്രൂഷാ വേദികളെക്കുറിച്ച് ബഹുമാനപ്പെട്ട വൈദികരെ അറിയിക്കുന്നതിനാണ് ഈ സർക്കുലർ അയയ്ക്കുന്നത്.

**1. വിശുദ്ധഗ്രന്ഥത്തിന്റെ വിശുദ്ധ വായന (Lectio Divina) മാർ ഈവാനിയോസ് ബൈബിൾ മിനിസ്ട്രി:** വി. ലിഖിതം വായിക്കുവാനും, ധ്യാനിക്കുവാനും, പ്രാർത്ഥിക്കുവാനും, പ്രവർത്തിയിലാക്കുവാനും ഉതകുന്ന വി. ഗ്രന്ഥത്തിന്റെ വിശുദ്ധ വായനാരീതി (Lectio Divina) ഇടവകകളിൽ വിശ്വാസികളെ പരിശീലിപ്പിക്കുന്നതിനുള്ള പരിശ്രമമാണ് മാർ ഈവാനിയോസ് ബൈബിൾ മിനിസ്ട്രിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

സഭാപിതാവായ ഒരിജൻ മൂന്നാം നൂറ്റാണ്ടിൽ ക്രമപ്പെടുത്തിയതും തുടർന്ന് സന്യാസ ആശ്രമങ്ങളിൽ നിലനിന്നിരുന്നതുമായ വിശുദ്ധ ഗ്രന്ഥത്തിന്റെ വായനാരീതിയെയാണ് (Lectio Divina) എന്നു പറയുന്നത്. വിശുദ്ധഗ്രന്ഥത്തിന്റെ വിശുദ്ധ വായന എന്നാണ് ഈ വാക്കിന്റെ അർത്ഥം. ഓരോ ഇടവകയിലും ഇതിന്റെ പരിശീലനം നൽകുന്നതിനായി സുവിശേഷസംഘ ഡയറക്ടർ നേരിട്ട് വരുന്നതായിരിക്കും. അതിനുശേഷം ഓരോ ഇടവകയുടെയും താൽപര്യമനുസരിച്ച് രണ്ടാഴ്ചയിൽ ഒരിക്കലോ മാസത്തിൽ ഒരിക്കലോ സുവിശേഷസംഘാംഗങ്ങൾ കടന്നുവന്ന് തുടർ പരിശീലനം നടത്തുന്നതായിരിക്കും. ഈ ശുശ്രൂഷയ്ക്കായി കടന്നുവരുന്ന എല്ലാ വിശ്വാസികളെയും കൊണ്ട് വി. ബൈബിൾ ഭാഗം വ്യാഖ്യാനിപ്പിക്കുകയും, പ്രാർത്ഥിപ്പിക്കുകയും, സാക്ഷ്യം പറയിപ്പിക്കുകയും ചെയ്യുന്നതാണ്. ഇപ്രകാരം വായിച്ച വേദഭാഗം ധ്യാനിക്കാനും, വിചിന്തനം ചെയ്യാനും, പ്രാർത്ഥിക്കാനും, സാക്ഷ്യം പറയാനും, ജീവിക്കാനും വിശ്വാസികളെ വ്യക്തിപരമായി ഈ ശുശ്രൂഷ മധ്യേ ഒരുക്കുന്നതാണ്. ഓരോ ഇടവകയിലും Lectio Divina ഗ്രൂപ്പുകൾ രൂപപ്പെടുത്താൻ വികാരിയച്ചന്മാർ സുവിശേഷസംഘ ഡയറക്ടറുമായി ബന്ധപ്പെട്ട് പ്രായോഗിക ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

**2. ഭവന സന്ദർശന ശുശ്രൂഷ:** 2014 ജൂലൈ 4 മുതൽ സുവിശേഷ സംഘത്തിന്റെ നേതൃത്വത്തിൽ ഭവനസന്ദർശന ശുശ്രൂഷ നിർവഹിച്ചുവരുന്നു. ഇതിനോടകം 200 ദേവാലയങ്ങളിൽ ഞായറാഴ്ചയിൽ സുവിശേഷസംഘം ധ്യാനം നടത്തുകയും ഈ ദേവാലയങ്ങളിലെ 18900 ഭവനങ്ങൾ സന്ദർശിക്കുകയും സുവിശേഷസംഘത്തിന്റെ ആധ്യാത്മികത പങ്കുവയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഇനിയും സന്ദർശിക്കാനുള്ള ഇടവകകളിൽ വികാരിയച്ചന്മാർ താത്പര്യമെടുത്ത് സുവിശേഷസംഘ ഡയറക്ടറുമായി ബന്ധപ്പെട്ട് ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**3. സുവിശേഷസംഘാംഗങ്ങളുടെ ശുശ്രൂഷാവേദികൾ:** സുവിശേഷ സംഘാംഗങ്ങളായി കൈവയ്പ്പ് സ്വീകരിച്ചവർക്ക് ഇടവകകളിൽ വിവിധ ശുശ്രൂഷകൾ ചെയ്യാൻ സാധിക്കും. സുവിശേഷ സംഘാംഗങ്ങൾക്ക് അവരുടെ ഇടവകയിൽ നിർവഹിക്കാവുന്ന വിവിധ ശുശ്രൂഷാ വേദികളെക്കുറിച്ച് സൂചിപ്പിക്കാനാഗ്രഹിക്കുന്നു.

**1. രോഗി സന്ദർശനം:** ഇടവകയിലും ഇടവകയ്ക്കു പുറത്തുമുള്ള രോഗികളുള്ള ഭവനങ്ങളിലും, അതുപോലെ വാർദ്ധക്യത്തിൽ തനിച്ചുകഴിയുന്ന വ്യക്തികളുടെ ഭവനങ്ങളിലും സുവിശേഷസംഘാംഗങ്ങൾ സന്ദർശനം നടത്തി അവർക്ക് ആശ്വാസവചനം നൽകുവാനും പ്രാർത്ഥിക്കുവാനും സാധിക്കും. രോഗികളായി ആശുപത്രിയിൽ കഴിയുന്നവരെ സുവിശേഷ സംഘാംഗങ്ങൾക്ക് സന്ദർശിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും സാധിക്കും. ഇക്കാര്യങ്ങൾക്ക് വികാരിയച്ചന്മാർ വേണ്ട നിർദ്ദേശങ്ങൾ നൽകി സുവിശേഷസംഘാംഗങ്ങളെ ഒരുക്കേണ്ടതാണ്.

**2. ഭവനസന്ദർശനം:** സുവിശേഷസംഘാംഗങ്ങൾ രണ്ടോ മൂന്നോ പേരുടെ നേതൃത്വത്തിൽ ദേവാലയത്തോട് പല കാരണങ്ങളാൽ അകന്നു നിൽക്കുന്ന ഭവനങ്ങളിലും, പ്രശ്നങ്ങളിലും, പ്രതിസന്ധികളിലും, ദാരിദ്ര്യത്തിലും, കടബാധ്യതയിലും കഴിയുന്ന ഭവനങ്ങളിലും മറ്റു ഭവനങ്ങളിലും സന്ദർശനം നടത്തുവാനും അവരെ കേൾക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും സാധിക്കും.

**3. സന്ധ്യാപ്രാർത്ഥനയും Lectio Divinaയും ഭവനങ്ങളിൽ:** സുവിശേഷസംഘാംഗങ്ങൾ ഭവനങ്ങളിൽ കടന്നുചെന്ന് ഭവനാംഗങ്ങളോട് ചേർന്ന് സന്ധ്യാപ്രാർത്ഥനയും തുടർന്ന് (Lectio Divina) വി. ഗ്രന്ഥത്തിന്റെ വി. വായനയും നടത്തി ഒന്നിച്ച് പ്രാർത്ഥിക്കാൻ സാധിക്കും. വേദപുസ്തകഭാഗം വായിക്കാനും ധ്യാനിക്കാനും, പ്രാർത്ഥിക്കാനും ഭവനങ്ങളിൽ ചെന്ന് പരിശീലിപ്പിക്കാൻ ഇതു വഴി സാധിക്കും.

**4. വചന പ്രഘോഷണ ശുശ്രൂഷ:** ഇടവകയിലെ പ്രാർത്ഥനാശുശ്രൂഷകൾ, മാതൃസമാജം, വെള്ളിയാഴ്ച പ്രാർത്ഥനകൾ, ഉപവാസ പ്രാർത്ഥനകൾ എന്നീ അവസരങ്ങളിൽ ആവശ്യാനുസരണം വചനം വ്യാഖ്യാനിക്കുവാനും പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകാനും സുവിശേഷസംഘാംഗങ്ങൾക്ക് സാധിക്കും. വികാരിമാർ ഈ മേഖലകളിൽ വ്യക്തികളുടെ കഴിവനുസരിച്ച് അവരെ നിയോഗിക്കാവുന്നതാണ്.

**5. മധ്യസ്ഥ പ്രാർത്ഥനാ ഗ്രൂപ്പുകൾ:** ഇടവകയിലെ ഓരോ ഭവനങ്ങൾക്കുവേണ്ടിയും ഇടവകയുടെ ചുറ്റുപാടുള്ള ഭവനങ്ങൾക്കു

വേണ്ടിയും പ്രാർത്ഥിക്കുവാൻ മധ്യസ്ഥപ്രാർത്ഥനാഗ്രൂപ്പ് രൂപീകരിക്കാനും അതിനു നേതൃത്വം നൽകാനും സുവിശേഷസംഘാംഗങ്ങൾക്ക് സാധിക്കും. വിവിധ ദേവാലയങ്ങളിൽ സുവിശേഷ സംഘാംഗങ്ങളുടെ നേതൃത്വത്തിൽ മധ്യസ്ഥ പ്രാർത്ഥന ഗ്രൂപ്പുകൾ സജീവമായിട്ടുണ്ട്.

**6. മാർ ഈവാനിയോസ് പ്രെയർ മിനിസ്ട്രി (കബർ):** 2016 ജൂലൈ മുതൽ പട്ടം സെന്റ് മേരീസ് കത്തീഡ്രലിനോട് ചേർന്നുള്ള ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ രാവിലെ 9 മുതൽ വൈകിട്ട് 5 മണിവരെ സുവിശേഷസംഘാംഗങ്ങളുടെ നേതൃത്വത്തിൽ എല്ലാ ദിവസവും മധ്യസ്ഥപ്രാർത്ഥന നടത്തിവരുന്നു. ഓരോ ഇടവകയിൽ നിന്നുമുള്ള സുവിശേഷസംഘാംഗങ്ങളുടെ നേതൃത്വത്തിലാണ് ഈ ശുശ്രൂഷ നടത്തുന്നത്. ഫോണിൽ കൂടി പ്രാർത്ഥന നിയോഗങ്ങൾ വിളിച്ചുപറഞ്ഞാൽ ആ നിയോഗം ഉടൻതന്നെ പ്രാർത്ഥനക്കാരെ അറിയിക്കുന്നതിന് ഒരു സന്യാസിനി കബറിൽ ശുശ്രൂഷ ചെയ്യുന്നു. പ്രാർത്ഥനാ നിയോഗം അറിയിക്കുവാനുള്ള ഈ ഫോൺ നമ്പർ ഇടവകജനത്തെ അറിയിക്കേണ്ടതാണ് - ഫോൺ : 8281512877. സുവിശേഷസംഘാംഗങ്ങളുടെ നേതൃത്വത്തിൽ ഇടവകയിലെ താത്പര്യമുള്ളവരെ ചേർത്ത് കബറിങ്കൽ വർഷത്തിൽ ഒരിക്കൽ പ്രാർത്ഥിക്കാൻ വികാരിമാർ ക്രമീകരണം ചെയ്യുന്നത് അനുഗ്രഹപ്രദമാണ്.

**7. ലഹരിവിമുക്ത ശുശ്രൂഷ:** മദ്യത്തിനടിമയായിട്ടുള്ളവരെ വിവിധ ധ്യാനകേന്ദ്രങ്ങളിലേക്ക് അയച്ച് മദ്യപാനാസക്തിയിൽ നിന്നും വിടുതൽ നൽകുന്ന ശുശ്രൂഷ തിരുവനന്തപുരം മേജർ അതിരൂപതാ സുവിശേഷസംഘം ചെയ്തുവരുന്നു. ഏതെങ്കിലും കുടുംബത്തിന് ഇത്തരത്തിലുള്ള ശുശ്രൂഷ ആവശ്യമുണ്ടെങ്കിൽ ബഹു. വികാരിയച്ചൻ മുഖേന സുവിശേഷസംഘവുമായി ബന്ധപ്പെടുക.

**8. വ്യക്തിപരമായ ശുശ്രൂഷകൾ:** മുകളിൽ പറഞ്ഞ ശുശ്രൂഷകൾ കൂടാതെ സ്വന്തം ഇടവകയിലും ചുറ്റുപാടിലും വ്യത്യസ്ഥങ്ങളായ നിരവധി ശുശ്രൂഷചെയ്യാൻ സുവിശേഷസംഘാംഗങ്ങൾക്കു സാധിക്കും. ഇടവകയുടെ ചുറ്റുപാടിൽ സഹായം ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിക്കും സഹായം വാഗ്ദാനം ചെയ്ത് സുവിശേഷത്തിന്റെ സന്തോഷം പങ്കുവയ്ക്കുവാൻ ഒരു സുവിശേഷസംഘാംഗത്തിന് സാധിക്കും.

ഓരോ സുവിശേഷസംഘാംഗത്തിന്റെയും പ്രത്യേകതകളും, കഴിവുകളും, ആത്മീകതയും മനസിലാക്കി വിവിധ ശുശ്രൂഷകൾ നിർവഹിക്കുവാൻ പക്വതയുള്ളവരെ കണ്ടെത്തി ഈ ശുശ്രൂഷയ്ക്ക് നിയോഗിക്കുവാനുള്ള പൂർണ്ണ ഉത്തരവാദിത്വം വികാരിയച്ചന്മാർക്കാണ്. അതിനാൽ വികാരിയച്ചന്മാർ ഇക്കാര്യത്തിൽ വിവേകപൂർണമായ തീരുമാനങ്ങൾ എടുക്കാൻ കടപ്പെട്ടിരിക്കുന്നു. ശുശ്രൂഷയിൽ പരിമിതി ഉണ്ടെങ്കിൽ അവരെ തിരുത്തുവാനും പ്രോത്സാഹിപ്പിക്കാനും വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. മേൽപ്പറഞ്ഞ കാര്യങ്ങളിൽ ബഹു. വികാരിയച്ചന്മാർ വേണ്ട ശ്രദ്ധ കാണിക്കുമല്ലോ. ഇടവകയുടെ നന്മയ്ക്കും സഭയുടെ നവീകരണത്തിനുമായി സുവിശേഷ സംഘാംഗങ്ങൾ അവരുടെ ശുശ്രൂഷാവേദികൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

പരിശുദ്ധാത്മാവിന്റെ കൃപാവരം നമ്മുടെ ഈ ശുശ്രൂഷകളിൽ ഉണ്ടാകുവാൻ പ്രത്യേകം പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

കർത്താവിൽ സ്നേഹപൂർവ്വം,

+Baselios Cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.
തിരുവനന്തപുരം മേജർ അതിരൂപതയുടെ അദ്ധ്യക്ഷൻ.

---

*N.B: ഈ സർക്കുലറിലെ പ്രധാന ആശയങ്ങൾ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും ബഹു. വികാരിയച്ചന്മാർ പങ്കുവയ്ക്കേണ്ടതാണ്.*

# സഭാ വാർത്തകൾ

## വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന്റെ ദ്വിദിനസമ്മേളനം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിശ്വാസപരിശീലനത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ 2019 ഏപ്രിൽ 1, 2 തീയതികളിൽ പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് എല്ലാ ഭദ്രാസനങ്ങളിലെയും കാറ്റക്കിസം ഡയറക്ടേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും അത്മായ സെക്രട്ടറിമാരുടെയും ഒരു സമ്മേളനം സംഘടിപ്പിച്ചു. ഭദ്രാസന-എക്സാർക്കേറ്റ് തലങ്ങളിൽ നിന്ന് 28 പേർ സംബന്ധിച്ച ഈ സമ്മേളനം സുന്നഹദോസ് കമ്മീഷന്റെ ചെയർമാൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. വിശ്വാസപരിശീലനത്തിന് കാലോചിതമായ പഠനശൈലികൾ സ്വീകരിക്കുന്നതിനുതകുന്ന പരിശീലനത്തിനും ചർച്ചകൾക്കും ഈ സമ്മേളനം ഉപകരിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വിശ്വാസപരിശീലന പ്രക്രിയയും പാഠപുസ്തകങ്ങളുടെയും രൂപീകരണം അടിസ്ഥാനമാക്കി റവ. ഡോ. ആന്റണി കാക്കനാട്ട് ക്ലാസ്സ് നയിച്ചു. സീറോ മലബാർ സഭയുടെ വിശ്വാസപരിശീലന പദ്ധതി റവ. ഫാ. ജോബിൻ പകലോമറ്റവും ലത്തീൻ കത്തോലിക്കാ സഭയുടെ വിശ്വാസപരിശീലന പ്രക്രിയ റവ. ഫാ. അഭിലാഷും അവതരിപ്പിച്ചു. 2020-ലെ എം.ബി.ഒ.സി. യുടെ പാഠങ്ങളും ഗാനങ്ങളും തയ്യാറാക്കുന്നതിനുള്ള ചുമതല ഓരോ ഭദ്രാസനങ്ങൾക്കായും നൽകി. ക്രമീകരണങ്ങൾക്ക് സുന്നഹദോസ് കമ്മീഷന്റെ സെക്രട്ടറി റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിലും ജോയിന്റ് സെക്രട്ടറി റവ. ഫാ. സാമുവൽ പഴവൂർപടിക്കലും നേതൃത്വം നൽകി.

## സഭാതല സുവിശേഷസംഘം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സഭാതല സുവിശേഷസംഘത്തിന്റെ ഏഴാം ബാച്ചിന്റെ തുടർപരിശീലനം 2019 ഏപ്രിൽ 4, 5, 6 തീയതികളിൽ കാതോലിക്കേറ്റ് സെന്ററിൽ നടന്നു.

# അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഹാശാ ആഴ്ച ശുശ്രൂഷകൾക്ക് നേതൃത്വം നൽകി

2019 ഏപ്രിൽ 14 ഞായറാഴ്ച ഓശാന പെരുന്നാൾ ശുശ്രൂഷകൾക്ക് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

വൈകുന്നേരം വേറ്റിനാട് മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്ററിൽ 'വാദെ ദൽമീനോ' ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

2019 ഏപ്രിൽ 18 ഉച്ചകഴിഞ്ഞ് 3.00-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ കാൽകഴുകൽ ശുശ്രൂഷ നടത്തി. തുടർന്ന് വി. പെസഹാ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. തിരുവനന്തപുരം വൈദികജില്ലയിലെ വിവിധ ദൈവാലയങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 12 വിശ്വാസികളുടെ പാദങ്ങളാണ് അത്യഭിവന്ദ്യ ബാവാതിരുമേനി കഴുകിയത്. ക്രമീകരണങ്ങൾക്ക് കത്തീഡ്രൽ വികാരി വെരി. റവ. ഡോ. ജോൺ പടിപ്പുരയ്ക്കൽ നേതൃത്വം നൽകി.

2019 ഏപ്രിൽ 19 ദുഃഖവെള്ളിയാഴ്ച രാവിലെ 7.00-ന് തിരുവനന്തപുരം പാളയത്ത് സംയുക്ത കുരിശിന്റെ വഴിയിൽ പ്രാരംഭ സന്ദേശം നൽകി കുരിശിന്റെ വഴി നയിച്ചു. തുടർന്ന് അടൂർ വൈദിക ജില്ലയിലെ നെടുമൺ ദൈവാലയത്തിൽ ദുഃഖവെള്ളിയാഴ്ച ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ക്രമീകരണങ്ങൾക്ക് ഇടവക വികാരി റവ. ഫാ. ഗ്രിഗോറിയോസ് കോയിക്കലേത്ത് ഒ.ഐ.സി. നേതൃത്വം നൽകി.

2019 ഏപ്രിൽ 20 രാത്രി 8.00-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ഉയിർപ്പ് പെരുന്നാൾ ശുശ്രൂഷകൾക്കും വി. കുർബാനയ്ക്കും മുഖ്യകാർമ്മികത്വം വഹിച്ചു.

# ബഹു. വൈദികരുടെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനം

മേജർ അതിഭദ്രാസനതല അസംബ്ലിയുടെ മുന്നൊരുക്കത്തിന്റെ ഭാഗമായി 2019 ഏപ്രിൽ 11-ന് നടക്കേണ്ടിയിരുന്ന മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികരുടെയും അജപാലന സമിതി അംഗങ്ങളുടെയും സംയുക്ത സമ്മേളനം **2019 മെയ് 17 വെള്ളിയാഴ്ച പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ** നടക്കും. സഭാ അസംബ്ലിയുടെ പ്രത്യേക വിഷയമായ 'കൃപ നിറയുന്ന കുടുംബങ്ങൾ' ഈ സമ്മേളനത്തിൽ അവതരിപ്പിക്കും.

# ബഥനി സിസ്റ്റേഴ്സ് തിരുവനന്തപുരം പ്രൊവിൻഷ്യൽ ടീം തെരഞ്ഞെടുപ്പ്

ബഥനി മിശിഹാനുകരണ സന്യാസിനീ സമൂഹത്തിന്റെ തിരുവനന്തപുരം പ്രോവിൻസിലെ പ്രൊവിൻഷ്യൽ സിനാക്സിസ് 2019 ഏപ്രിൽ 3 മുതൽ 10 വരെ നാലാഞ്ചിറ പ്രൊവിൻഷ്യൽ മന്ദിരത്തിൽവച്ച് നടന്നു. വെരി റവ. മദർ ഡമഷീൻ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ടു. റവ. സിസ്റ്റർ സാന്ദ്ര, റവ. സിസ്റ്റർ കീർത്തന, റവ. സിസ്റ്റർ മഹിമ എന്നിവർ പ്രൊവിൻഷ്യൽ കൗൺസിലേഴ്സായും, റവ. സിസ്റ്റർ ജോർജ്ജീന കൗൺസിലറും സെക്രട്ടറിയുമായും തെരഞ്ഞെടുക്കപ്പെട്ടു. റവ. സിസ്റ്റർ ദ്യോതിസ് പ്രൊവിൻഷ്യൽ പ്രൊക്കുറേറ്ററായി തെരഞ്ഞെടുക്കപ്പെട്ടു.

## സന്യാസ വ്രതവാഗ്ദാനം

ബഥനി മിശിഹാനുകരണ സന്യാസിനീ സമൂഹത്തിന്റെ തിരുവനന്തപുരം പ്രോവിൻസിലെ ആദ്യ വ്രതവാഗ്ദാന കർമ്മം 2019 ഏപ്രിൽ 30-ാം തീയതി നാലാഞ്ചിറ ബഥനി മഠത്തിൽ വച്ച് നടന്നു. മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാബാവാ തിരുമേനി സന്യാസ പ്രതിഷ്ഠാ ശുശ്രൂഷ

കൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ജോസഫ് മാർ തോമസ്, അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് എന്നീ തിരുമേനിമാർ സഹകാർമ്മികരായിരുന്നു. നവ സന്യാസ പരിശീലനം പൂർത്തിയാക്കിയ നോവിസസ് ജോൺസി ജോയ്, സാൻസി ആൻ സ്കറിയാ, സലോമി സൈമൺ എന്നിവർ യഥാക്രമം സിസ്റ്റർ അന്ന, സിസ്റ്റർ അനറ്റ്, സിസ്റ്റർ ആഗ്നസ് എന്നീ പേരുകൾ സ്വീകരിച്ചു കൊണ്ട് ആദ്യവ്രതവാഗ്ദാനം നടത്തി.

## ജൂബിലി ആഘോഷം

ബഥനി മിശിഹാനുകരണ സന്യാസിനീ സമൂഹത്തിന്റെ തിരുവനന്തപുരം പ്രോവിൻസിൽ സന്യാസ സമർപ്പണത്തിന്റെ 50 വർഷങ്ങൾ പൂർത്തിയാക്കിയ സിസ്റ്റർ എലിസ്ബ, സിസ്റ്റർ പാവന, സിസ്റ്റർ ജീൻ, സിസ്റ്റർ ക്ലാരിസ, സിസ്റ്റർ ശാലീന, സിസ്റ്റർ തെരസീന എന്നിവരുടെ വ്രതവാഗ്ദാന സുവർണ്ണജൂബിലിയും സന്യാസ സമർപ്പണത്തിന്റെ 25 വർഷങ്ങൾ പൂർത്തിയാക്കിയ സിസ്റ്റർ ആൽമ, സിസ്റ്റർ മരിയൻ, സിസ്റ്റർ റോസ്, സിസ്റ്റർ ലീജിയ, സിസ്റ്റർ നിസീമ, സിസ്റ്റർ തെരേസ്, സിസ്റ്റർ ആൻസൽ, സിസ്റ്റർ ഐശ്വര്യ എന്നിവരുടെ വ്രതവാഗ്ദാന രജതജൂബിലിയും 2019 ഫെബ്രുവരി 9-ാം തീയതി നാലാഞ്ചിറ പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിച്ചു. മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാബാവാ തിരുമേനി വി. കുർബാന അർപ്പിച്ചു. തുടർന്നു നടന്ന അനുമോദന സമ്മേളനത്തിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അദ്ധ്യക്ഷനായിരുന്നു.

# നാലാഞ്ചിറ സെന്റ് ജോൺസ് ഹയർ സെക്കണ്ടറി സ്കൂളിനും സർവോദയ സെൻട്രൽ വിദ്യാലയത്തിനും പുതിയ പ്രിൻസിപ്പൽമാർ

നാലാഞ്ചിറ സെന്റ് ജോൺസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ പ്രിൻസിപ്പലായി പാളയം സെന്റ് മേരീസ് ബസിലിക്ക റെക്ടർ റവ. ഫാ. ജോസ് ചരുവിലിനെ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിയമിച്ചു.

നാലാഞ്ചിറ സർവോദയ സെൻട്രൽ വിദ്യാലയത്തിന്റെ പുതിയ പ്രിൻസിപ്പലായി സെന്റ് ജോൺസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ സ്ഥാനത്തുനിന്നും വിരമിച്ച റവ. ഡോ. ഡാനിയേൽ (ശാന്തൻ) ചരുവിലിനെ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിയമിച്ചു.

**മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ!**

## റവ. ഫാ. റോയ് ജോർജ്ജ് വയലിറക്കത്തിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷം

കൊട്ടാരക്കര സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. റോയ് ജോർജ്ജ് വയലിറക്കത്തിന്റെ പൗരോഹിത്യ രജതജൂബിലി കിഴക്കേത്തെരുവ് ഹോളി ട്രിനിറ്റി മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് 2019 ഏപ്രിൽ 28-ന് ആഘോഷിച്ചു. അത്യഭിവന്ദ്യ ബാവാ തിരുമേനി മുഖ്യാതിഥിയായി പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

**മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ!**

## SPECIAL APPOINTMENTS

Rev. Fr. Dominic Savyo Mamoottil - Director, *Mathrusangam*

## APPOINTMENT - PARISHES

| | |
|---|---|
| Rev. Fr. Thomas Mukaluvila | • Kura-Malayil |
| Rev. Fr. Joseph Augustine Kizhakedath OIC | • Aanad |
| | • Karipoor |
| Rev. Fr. Arundas Desari OIC | • Kuthirakalam |
| Rev. Fr. James Thadathel OIC | • Veliyanoor |
| Rev. Fr. Samuel Panachivila OIC | • Nalanchira (Asst.) |

## എം.ബി.ഒ.സി (2019) ഉദ്ഘാടനം

മലങ്കര ബൈബിൾ ഓറിയന്റേഷൻ ക്യാമ്പ് (എം.ബി.ഒ.സി) യുടെ ഉദ്ഘാടനം തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറാൾ റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത് തിരുവനന്തപുരം വൈദികജില്ലയിലെ പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ 2019 ഏപ്രിൽ 8-ന് നിർവ്വഹിച്ചു. പ്രസ്തുത ഉദ്ഘാടന യോഗത്തിൽ മേജർ അതിഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടർ റവ. ഫാ. ഡാനിയേൽ കുളങ്ങര, ഓഫീസ് കോർഡിനേറ്റർ സി. അജ്ഞന ഡി.എം. എന്നിവർ സംബന്ധിക്കുകയും നേതൃത്വം നൽകുകയും ചെയ്തു. ക്രമീകരണങ്ങൾക്ക് കത്തീഡ്രൽ വികാരി വെരി റവ. ഡോ. ജോൺ പടിപ്പുരയ്ക്കൽ നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നടത്തിയ എം.ബി.ഒ.സി ക്യാമ്പ് ജില്ലാ ഡയറക്ടേഴ്സിന്റെ നേതൃത്വത്തിൽ സന്ദർശിച്ച് വിലയിരുത്തൽ നടത്തി.

## സ്കോളർഷിപ്പ്, വാർഷികപ്പരീക്ഷ

2018-19 അധ്യയനവർഷത്തിലെ സ്കോളർഷിപ്പ് പരീക്ഷയും X, XII ക്ലാസ്സുകളിലെ വാർഷികപ്പരീക്ഷയും 2019 ഏപ്രിൽ 28-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4.30 വരെ അതാത് ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ടു. പരീക്ഷകൾക്ക് ബഹുമാനപ്പെട്ട ജില്ലാ വികാരിമാർ, ജില്ലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, എന്നിവർ നേതൃത്വം നൽകി. കേന്ദ്ര സമിതി അംഗങ്ങൾ നിരീക്ഷകരായിരുന്നു. ജില്ലയിൽ നിന്നും പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർ പരീക്ഷാ നടത്തിപ്പിന് സഹായിച്ചു. 10, 12 ക്ലാസ്സുകളിലായി 1100 കുട്ടികൾ പരീക്ഷ എഴുതി.

## അധ്യയന വർഷാരംഭം

2019-2020 അധ്യയനവർഷം 2019 ജൂൺ 2-ാം തീയതി ആരംഭിക്കും. അന്നേദിവസം പ്രവേശനോത്സവമായി ആഘോഷിക്കണം. ഇടവകകളിൽ നടക്കുന്ന പ്രവേശനോത്സവത്തിന്റെ ഒരു റിപ്പോർട്ട് കേന്ദ്ര കാര്യാലയത്തിൽ അയച്ചു തരേണ്ടതാണ്.

# വൈദികവസ്ത്രം സ്വീകരിച്ചു

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനുവേണ്ടി വൈദികപരിശീലനം നടത്തുന്ന ബ്രദർ വർഗീസ് മലയിൽ, ബ്രദർ സാം വിളങ്ങര, ബ്രദർ ബഞ്ചമിൻ വിളയിൽ, ബ്രദർ റ്റൈറ്റസ് മൈലമൂട്ടിൽ, ബ്രദർ എബ്രഹാം വള്ളിപ്പറമ്പിൽ എന്നിവർ 2019 ഏപ്രിൽ 9-ാം തീയതി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയിൽനിന്നും കേശവദാസപുരം സെന്റ് അലോഷ്യസ് സെമിനാരി ചാപ്പലിൽവച്ച് വൈദികവസ്ത്രം സ്വീകരിച്ചു. തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറൽമാരായ റൈറ്റ് റവ. മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ, റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത്, ബഹു. വൈദികർ, സന്ന്യസ്തർ, ബന്ധുമിത്രാദികൾ എന്നിവർ സംബന്ധിച്ചു. ക്രമീകരണങ്ങൾക്ക് മൈനർ സെമിനാരി റെക്ടർ വെരി റവ. ഡോ. ജോൺ കുറ്റിയിൽ നേതൃത്വം നൽകി.

# ദൈവവിളി ധ്യാനം

സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം നടത്തുവാൻ ആഗ്രഹിക്കുന്നവർക്കായുള്ള ദൈവവിളി ധ്യാനം 2019 മെയ് 5 ഞായർ വൈകുന്നേരം 4 മുതൽ മെയ് 8 ബുധൻ വൈകുന്നേരം 4 വരെ സെന്റ് അലോഷ്യസ് മൈനർ സെമിനാരി (കേശവദാസപുരം)യിൽ വെച്ച് നടത്തപ്പെടുന്നു. സത്സ്വഭാവികളും, പൗരോഹിത്യ വിളിയോട് ആഭിമുഖ്യമുള്ളവരും, 10-ാം ക്ലാസ്സോ അതിലുപരിയോ ആയ വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ ആൺകുട്ടികളെ ഈ ധ്യാനത്തിലേക്ക് അയയ്ക്കാൻ ശ്രദ്ധിക്കണമേ. മെയ് 7-ാം തീയതി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് ക്യാമ്പിൽ പങ്കെടുക്കുന്നവരെ വ്യക്തിപരമായി കണ്ട് ഇന്റർവ്യൂ നടത്തുന്നതാണ്.

***നിർദ്ദേശങ്ങൾ:-***

1. ധ്യാനത്തിൽ പങ്കെടുക്കുന്നവർ 2019 മെയ് 5-ാം തീയതി 4 മണിക്ക് മുൻപായി സെന്റ് അലോഷ്യസ് മൈനർ സെമിനാരി (കേശവദാസപുരം) യിൽ എത്തിച്ചേരേണ്ടതാണ്.
2. ധ്യാനത്തിൽ പങ്കെടുക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്ത് കൊണ്ടുവരേണ്ടതാണ്.
3. ബൈബിൾ, പേന, നോട്ട്ബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്.

# ഈ വർഷം ദൈവശാസ്ത്ര പഠനം ആരംഭിക്കുന്ന ബ്രദേഴ്സ്

1. ബ്രദർ വർഗീസ് മലയിൽ
2. ബ്രദർ സാം വിളങ്ങര
3. ബ്രദർ ബഞ്ചമിൻ വിളയിൽ
4. ബ്രദർ റ്റൈറ്റസ് മൈലമൂട്ടിൽ
5. ബ്രദർ എബ്രഹാം വള്ളിപ്പറമ്പിൽ
6. ബ്രദർ ലിബിൻ വിളവിനാൽ

**മേജർ അതിഭദ്രാസനത്തിന്റെ പ്രാർത്ഥനകൾ!**

## എം.സി.വൈ.എം

## എ.വൈ.എം. 2019 യുവജനസംഗമം

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മേതൃത്വത്തിൽ 2019 ഏപ്രിൽ 26–ാം തീയതി നാലാഞ്ചിറ ഗിരിദീപം കൺവൻഷൻ സെന്ററിൽ വച്ച് 'സ്നേഹമായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം' (1 കോറി: 14:1) എന്ന വചനത്തിൽ അധിഷ്ഠിതമായി Activated Youth of Malankara (AYM-19) എന്ന പേരിൽ യുവജനസംഗമം നടത്തപ്പെട്ടു. സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവയുടെ സാന്നിധ്യത്തിൽ നടത്തപ്പെട്ട യുവജന സംഗമത്തിൽ യുവജന സിനഡൽ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനി, റവ. ഫാ. ഡേവിഡ് ചിറമ്മേൽ, ശ്രീ. ശബരിനാഥ് എം.എൽ.എ., മുൻ ഡി.ജി.പി. ജേക്കബ് പുന്നൂസ്, വെരി റവ. ഫാ. ബോവസ് മാത്യു മേലൂട്ട്, ശ്രീ. ബോബി ജോസ് തുടങ്ങി വിവിധ സാമൂഹ്യ മേഖലകളിലെ പ്രമുഖർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

മലങ്കര സുറിയാനി കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന്റെ ആദ്യകാലം മുതലുള്ള നേതാക്കന്മാരെ ഈ യുവജന സംഗമത്തിൽ ആദരിച്ചു. ആത്മീയതയിൽ അധിഷ്ഠിതമായ ഈ യുവജന സംഗമത്തിൽ തിരുവനന്തപുരം മേജർ അതിഭദ്രാസന വന്ദ്യ വികാരി ജനറാൾമാർ, ജില്ലാ വികാരിമാർ, എം.സി.വൈ.എം. ജില്ലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, നിരവധി ബഹു. വൈദികർ, സിസ്റ്റേഴ്സ്, ഒൻപത് വൈദിക ജില്ലകളിൽ നിന്നായി 2000 യുവജനങ്ങൾ എന്നിവർ പങ്കെടുത്തു.

## ഹൃദയദീപം

ഈസ്റ്റർ ദിനത്തിൽ ശ്രീലങ്കയിൽ തീവ്രവാദികൾ നടത്തിയ ചാവേർ സ്ഫോടനത്തിൽ മരണമടഞ്ഞവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് എം. സി. വൈ. എം. മേജർ അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 2019 ഏപ്രിൽ 26-ാം തീയതി നാലാഞ്ചിറ ഗിരിദീപം കൺവൻഷൻ സെന്ററിൽ വച്ച് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ തിരികൾ തെളിയിച്ച് സമാധാന പ്രാർത്ഥന നടത്തി.

## മലങ്കര കാത്തലിക് അസോസിയേഷൻ

## റിസോഴ്സ് ടീം രൂപീകരണം

മലങ്കര കാത്തലിക് അസോസിയേഷൻ സഭാതല സമിതി യുടെ ആഭിമുഖ്യത്തിൽ തിരുവല്ല ശാന്തിനിലയത്തിൽ വെച്ച് റിസോഴ്സ് ടീം രൂപീകരിച്ചു. തിരുവനന്തപുരം മേജർ അതിഭദ്രാ സനത്തിൽ നിന്നും സാലു പതാലിൽ, ജോളി ചാക്കോ, ഡോ. എബി സാംമോൻ എന്നിവർ പരിശീലനം പൂർത്തിയാക്കി.

## ഭാഗ്യസ്മരണാർഹനായ ലോറൻസ് മാർ എഫ്രേം അനുസ്മരണം

തിരുവനന്തപുരം മേജർ അതിഭദ്രാസന സഹായമെത്രാനും മാർത്താണ്ഡം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയുമാ യിരുന്ന ആബൂൻ ലോറൻസ് മാർ എഫ്രേം മെത്രാപ്പോലീത്താ യുടെ അനുസ്മരണ സമ്മേളനം 2019 ഏപ്രിൽ 28-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2.30-ന് കിളിമാനൂർ വൈദികജില്ലയിലെ ഒറ്റ ക്കൊമ്പ് മലങ്കര കത്തോലിക്കാ പള്ളിയിൽ വച്ച് വെമ്പായം പഞ്ചാ യത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ. തേക്കുംമൂട് സുരേഷ് ഉദ്ഘാടനം ചെയ്തു. ജില്ലാ വികാരി വെരി റവ. ഫാ. ജോസ് കിഴക്കേടത്ത്, ജില്ലാ ഡയറക്ടർ റവ. ഫാ. ആന്റ ണിരാജ്, യൂണിറ്റ് ഡയറക്ടർ റവ. ഫാ. അനുജോസ്, റവ. ഫാ. ഗോഡ്ജോയ്, അതിരൂപതാ ജനറൽ സെക്രട്ടറി ശ്രീ. സാലു പതാ ലിൽ, വൈസ് പ്രസിഡന്റ് ശ്രീ. ജോയി തോമസ്, ആനിമേറ്റർ സിസ്റ്റർ സ്വസ്തി, ജില്ലാ പ്രസിഡന്റ് ശ്രീ. ജോൺ എസ്., ജനറൽ സെക്രട്ടറി ശ്രീ. ബൈജു ആർ. എന്നിവർ നേതൃത്വം നൽകി. അനു സ്മരണ പ്രഭാഷണം റവ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരിൽ നടത്തി.

## ലൈറ്റ് – 2019

എം.സി.എ. സഭാതല സമിതിയുടെ നേതൃത്വത്തിൽ നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ വച്ച് 2019 മെയ് 15 മുതൽ 19 വരെ നടത്തുന്ന കരിയർ ഗൈഡൻസ് ക്യാമ്പിലേക്ക് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ നിന്നും 20 പേർ യോഗ്യത നേടി.

## അറിയിപ്പ്

### T.T.C. 2019-2021 (Diploma in Education - D.Ed.)

2019–21 കാലയളവിൽ D.Ed. Course (TTC) പട്ടം സെന്റ് മേരീസ് റ്റി.റ്റി.ഐ. യിൽ പഠിക്കുവാൻ ആഗ്രഹമുള്ള വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. D.Ed. പഠിക്കുവാൻ ഹയർ സെക്കണ്ടറി കോഴ്സ്/തത്തുല്യമായ കോഴ്സ്, മിനിമം 50% മാർക്കോടെ പാസായിരിക്കണം. അപേക്ഷാ ഫോറം ഈ ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ തിരികെ കിട്ടേണ്ട അവസാന തീയതി 2019 മെയ് 15 ആണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽപ്പെട്ടവർ അപേക്ഷയോടൊപ്പം ബഹു. വികാരി അച്ചന്റെ കത്തുംകൂടി സമർപ്പിക്കേണ്ടതാണ്.

എന്ന്,

കറസ്പോണ്ടന്റ്,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് ക്യാമ്പസ്
പട്ടം, തിരുവനന്തപുരം – 695 004

## കുടുംബ പ്രേഷിത കാര്യാലയം

### വിവാഹ ഒരുക്ക സെമിനാർ

| | | |
|---|---|---|
| 2019 മെയ് 11, 12, 13 | – | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |
| 2019 ജൂൺ 8, 9, 10 | – | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |

## ARISE (Acquiring Resilience & Identity Through Sustainable Employment ) പരിശീലന പരിപാടി

കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനുമായി സഹകരിച്ച് നടപ്പിലാക്കുന്ന തൊഴിൽ പരിശീലന പരിപാടിയായ **ARISE** എം.എസ്സ്.എസ്സ്.എസ്സ്. ന്റെ രണ്ടു സെന്ററുകളിലായി 2019 ഏപ്രിൽ 1-ാം തീയതി മുതൽ ക്ലാസുകൾ ആരംഭിച്ചു. മംഗലപുരം കാരമ്മൂട് സെന്ററിലും, നെടുമങ്ങാട് ബഥനി ഐ.റ്റി.സി. യിലുമായി ഇലക്ട്രീഷ്യൻ, പ്ലംബർ, ഇലക്ട്രോണിക്സ് റിപ്പയർ എന്നീ കോഴ്സുകളാണ് നടത്തുന്നത്. 15 ദിവസത്തെ കോഴ്സുകൾ പൂർണ്ണമായും സൗജന്യമാണ്. കൂടാതെ സ്റ്റൈപന്റും തദ്ദേശ സ്വയംഭരണ വകുപ്പ് കേരള സർക്കാരിന്റെ സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്. പരിശീലനം പൂർത്തിയാക്കുന്നതനുസരിച്ച് ജോലി സാധ്യതയും ഉറപ്പു വരുത്തുന്നതാണ്.

## SAFP - F.F.T. ( Family Facilitation Team ) മീറ്റിംഗ്

സേവ് എ ഫാമിലി പ്ലാൻ പരിപാടിയുടെ F.F.T. മീറ്റിംഗ് 5/04/2019-ൽ എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടത്തപ്പെട്ടു. എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ ജിയാരാജ് മീറ്റിംഗിന് നേതൃത്വം നൽകി. ആനിമേറ്റേഴ്സുമാരായ ശ്രീ. രാജുമോൻ, ശ്രീമതി ജെസ്സി രാജൻ, ശ്രീമതി പുഷ്പം ജോസ്, ശ്രീമതി സിനി എസ്., ശ്രീമതി ഷീലാ രാജൻ എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു.

## സ്റ്റാഫ് മീറ്റിംഗ്

ഏപ്രിൽ 8, 9 തീയതികളിൽ സ്റ്റാഫ് മീറ്റിംഗ് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടന്നു. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് അദ്ധ്യക്ഷത വഹിച്ചു. എം.എസ്സ്.എസ്സ്.എസ്സ്. മോണിറ്ററിംഗ് ടീം അംഗങ്ങൾ റവ. ഫാ. തോമസ് മുകളുംപുറത്ത്, സിസ്റ്റർ ലിസ്ബെത്ത്, ശ്രീ. ബിജോയ് ജോസഫ്, ശ്രീ. ജോർജ്ജ് ഡാനിയേൽ, ശ്രീ. ബൈജു എന്നിവർ ഓരോ പ്രോജക്ട് സ്റ്റാഫ് അംഗങ്ങളോടൊപ്പം പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു വിലയിരുത്തുകയും തുടർന്ന് ഭാവിയിൽ പ്രതീക്ഷിക്കുന്ന പദ്ധതികളെ

ക്കുറിച്ച് അവലോകനം നൽകുകയും കൂടുതൽ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## SAFP കുടുംബ സഹായ പദ്ധതി

SAFP കുടുംബ പദ്ധതിയിൽ നിന്നും 9/04/2019 വിവിധ തൊഴിൽ പദ്ധതികൾക്കു വേണ്ടി ബാലരാമപുരം, പോത്തൻകോട് എന്നീ റീജണുകളിലെ 4 കുടുംബങ്ങൾക്ക് ധനസഹായം നൽകി.

## DDU - GKY പരീക്ഷ

DDU-GKY പദ്ധതിയിൽ 4-ാം ഘട്ടത്തിലെ കോഴ്സ് പൂർത്തിയാക്കിയ 4 ബാച്ചുകളിലെ കുട്ടികളുടെ NCVT പരീക്ഷ ഏപ്രിൽ 10,11,12 തീയതികളിൽ എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടത്തപ്പെട്ടു. 110 കുട്ടികൾ പാസ്സായി.

## സേവ് എ ഫാമിലി പ്ലാൻ – സുവർണ്ണ ജൂബിലി ഭവന നിർമ്മാണ പദ്ധതി

2019 ഏപ്രിൽ 12-ന് SAFP യിൽ നിന്നും കോർഡിനേറ്റർ ശ്രീ. ജോബി, എം.എസ്സ്.എസ്സ്.എസ്സ്. കോർഡിനേറ്റർ ശ്രീ. ബിജോയ് ജോസഫ്, ശ്രീ. ബൈജു എന്നിവർ ഫീൽഡ് വിസിറ്റ് നടത്തി. തുടർന്ന് SAFP യുടെ സുവർണ്ണ ജൂബിലി ഭവന നിർമ്മാണ പദ്ധതിയിലേക്ക് വിധവകളും, നിരാലംബരുമായ 25 ഗുണഭോക്താക്കൾക്ക് അംഗീകാരം ലഭിച്ചു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഓരോ വീടിനും രണ്ടു ലക്ഷം രൂപയാണ് ധന സഹായം നൽകുന്നത്. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ മീറ്റിംഗ് 2019 ഏപ്രിൽ 17-ന് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടന്നു.

## കാരിത്താസ്– പ്രളയ പുനരധിവാസ – പുനർനിർമ്മാണ പ്രവർത്തനങ്ങൾ

2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് കാരിത്താസ് ഇന്ത്യ അനുവദിച്ച പുനരധിവാസ പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി 26 ടോയ്‌ലറ്റുകളുടെ നിർമ്മാണവും, 22 വീടുകളുടെ പുനർനിർമ്മാണവും പുരോഗമിക്കുന്നു.

## KSSF - PFPF (Pollution Free Poultry Farming) - കോഴി വളർത്തൽ

2019 ഏപ്രിൽ 19-ാം തീയതി എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു പൊല്യൂഷൻ ഫ്രീ കോഴി വളർത്തലിനായി പരിശീലനം സംഘ

ടിപ്പിച്ചു. എം.എസ്സ്.എസ്സ്.എസ്സ്.-നെ കൂടാതെ തിരുവനന്തപുരം, നെയ്യാറ്റിൻകര ലത്തീൻ രൂപതകളുടെ സാമൂഹിക സേവന വിഭാഗങ്ങളായ TSSS (Trivandrum Social Service Society) NIDS (Neyyattinkara Intagrated Developement Society) എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ അടക്കം 23 പേർ പരിശീലന പരിപാടിയിൽ പങ്കെടുത്തു. എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് പരിശീലനം ഉദ്ഘാടനം ചെയ്തു. തുടർന്ന് KSSF ( Kerala Social Service Fourm) ൽ നിന്നും സിസ്റ്റർ ടെസീന, ശ്രീ. ഷൈജു എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

## JLG ( Joint Liability Group ) ഗ്രൂപ്പ് രൂപീകരണം

പോത്തൻകോട് കേന്ദ്രീകരിച്ച് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരണം സംബന്ധിച്ച മീറ്റിംഗ് 2019 ഏപ്രിൽ 29-ന് നടത്തി. 5 പേർ അടങ്ങുന്ന 10 ഗ്രൂപ്പുകളുടെ പ്രതിനിധികൾ പങ്കെടുത്തു. എം.എസ്സ്.എസ്സ്.എസ്സ്. ചീഫ് പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ബിജോയ് ജോസഫ്, കോർഡിനേറ്റർമാരായ ശ്രീ. ജോർജ്ജ് ഡാനിയേൽ, കുമാരി ജിയ രാജ് എന്നിവർ മീറ്റിംഗിന് നേതൃത്വം നൽകി.

## കോർഡിനേറ്റേഴ്സ് മീറ്റിംഗ്

2019 ഏപ്രിൽ 30-ന് കൊട്ടാരക്കരയിൽ വച്ചു എം.എസ്സ്.എസ്സ്.എസ്സ് ന്റെ ഫീൽഡിലെ പ്രവർത്തനങ്ങളുടെ വിലയിരുത്തലിനും, **JLG** ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ പുനരാവിഷ്ക്കരണത്തിനുമായി മീറ്റിംഗ് സംഘടിപ്പിച്ചു. എം.എസ്സ്.എസ്സ്.എസ്സ്.-ന്റെ പ്രതിനിധികൾ ശ്രീ. ബിജോയ് ജോസഫ്, ശ്രീ. ജോർജ്ജ് ഡാനിയേൽ, കുമാരി ജിയ രാജ്, ആനിമേറ്റർ ഷീല രാജൻ എന്നിവർ നേതൃത്വം നൽകി. ഇതിൽ മുൻകാല ഭാരവാഹികൾ പങ്കെടുത്തു.

## വിവിധ ധന സഹായങ്ങൾ

കുടുംബ സഹായ പദ്ധതിയിൽ 4 കുടുംബങ്ങൾക്ക് 34,420 രൂപയും ഇൻഷുറൻസ് വഴിയുള്ള മരണാനന്തര സഹായമായി 1 കുടുംബത്തിന് 16,000 രൂപയും

വൈദ്യ സഹായങ്ങളും, മറ്റു സഹായവുമായി 10,500 രൂപയും നൽകി.

# ഇടയനാളാഗമം

## ഏപ്രിൽ 2019

## (പ്രധാന പരിപാടികൾ)

**ഏപ്രിൽ 2**

ഉച്ചകഴിഞ്ഞ് 2.00-ന് നാലാഞ്ചിറ മാർ തെയോഫിലോസ് ട്രെയിനിംഗ് കോളേജിൽ പ്രൊഫസർ ജലീൽ അനുസ്മരണ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

വൈകുന്നേരം 4.00-ന് നാലാഞ്ചിറ മാർ ഈവാനിയോസ് കോളേജിൽ (ഫാദർ ഗീവർഗീസ് പണിക്കർ റിസേർച്ച് സെന്റർ ബ്ലോക്ക്)ന്റെ ശിലാസ്ഥാപനം നിർവഹിച്ചു.

**ഏപ്രിൽ 3**

രാവിലെ 7.30-ന് പട്ടാഴി വെസ്റ്റ് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

രാവിലെ 11.00-ന് അതിരുങ്കൽ ദൈവാലയത്തിൽ റവ. ഫാ. ജോസ് വള്ളിപ്പറമ്പിലിന്റെ വത്സലമാതാവിന്റെ ശവസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ഏപ്രിൽ 4**

രാവിലെ 6.30-ന് നാലാഞ്ചിറ ബഥനി പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

വൈകുന്നേരം 4.00-ന് പാലായിൽ ഡോ. എ.റ്റി. ദേവസ്യ അവാർഡ് ദാന ചടങ്ങിൽ പങ്കെടുക്കുകയും ബഹു. പി.ജെ. ജോസഫ് എം.എൽ.എ. യെ അനുമോദിക്കുകയും ചെയ്തു.

**ഏപ്രിൽ 5**

വൈകുന്നേരം 6.00 മണിക്ക് നാലാഞ്ചിറ ബഥനി പ്രൊവിൻഷ്യൽ ഹൗസിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട പ്രൊവിൻഷ്യൽ ഭരണസമിതി അംഗങ്ങളെ അനുമോദിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

**ഏപ്രിൽ 6**

വൈകുന്നേരം 5.00 മണിക്ക് പാളയം വൈ.എം.സി.എ. ഹാളിൽ ശ്രീ. ജോസ് ചന്ദനപ്പള്ളി എഴുതിയ "കേരളത്തിലെ മുഖ്യമന്ത്രി മാർ" എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം നിർവ്വഹിച്ചു.

**ഏപ്രിൽ 8**

രാവിലെ 7.00 മണിക്ക് മാർത്താണ്ഡം ഭദ്രാസന ദൈവാല യത്തിൽ ഭാഗ്യസ്മരണാർഹനായ ലോറൻസ് മാർ അപ്രേം തിരു മേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകി കബറിങ്കൽ ധൂപപ്രാർത്ഥന നടത്തി.

വൈകുന്നേരം 4.00-ന് മുക്കംപാല എസ്റ്റേറ്റിൽ നവീകരിച്ച ബംഗ്ലാവ്-മാർ ഗ്രീഗോറിയോസ് ഭവന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

**ഏപ്രിൽ 9**

രാവിലെ 6.30-ന് കേശവദാസപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും റീജൻസി കാലഘട്ടം പൂർത്തിയാക്കിയ അഞ്ച് വൈദിക വിദ്യാർത്ഥികൾക്ക് വൈദികവസ്ത്രം നൽകുകയും ചെയ്തു.

**ഏപ്രിൽ 10**

ബത്തേരിയിൽ ശ്രേയസിന്റെ 40-ാം വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. തുടർന്ന് മോറാൻ മാർ സിറിൽ ബസേലി യോസ് കാതോലിക്കോസ് അവാർഡ് കാരിത്താസ് ഇൻഡ്യ ഡയറക്ടർ റവ. ഫാ. പോൾ മുഞ്ഞേലിക്കു നൽകി.

**ഏപ്രിൽ 11**

ഉച്ചയ്ക്ക് 1.00-ന് മുൻമന്ത്രിയും പാലാ എം.എൽ.എ. യുമായ ബഹു. ശ്രീ. കെ.എം. മാണിയുടെ ഭവനത്തിലെത്തി മലങ്കര സുറി യാനി കത്തോലിക്കാ സഭയിലെ മെത്രാപ്പോലീത്താമാരോടൊപ്പം പ്രാർത്ഥന നടത്തി.

വൈകുന്നേരം 4.00-ന് പാലാ കത്തീഡ്രലിൽ ശ്രീ. കെ.എം. മാണിയുടെ ശവസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**ഏപ്രിൽ 13**

രാവിലെ 7.00-ന് പുതുക്കിപ്പണിത വള്ളിയറുപ്പൻകാട് ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു.

രാവിലെ 10.30-ന് തിരുവനന്തപുരം സെന്റ് പീറ്റേഴ്സ് യാക്കോബായ കത്തീഡ്രലിൽ, ദിവംഗതനായ ഡോ. ഡി ബാബു പോളിന്റെ ശവസംസ്കാരത്തിന്റെ പ്രാരംഭശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ച് അനുശോചനം അറിയിച്ചു.

**ഏപ്രിൽ 14**

രാവിലെ 6.30-ന് കത്തീഡ്രലിൽ ഓശാന പെരുന്നാളിന്റെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിക്കുകയും വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു.

വൈകുന്നേരം 5.30-ന് വേറ്റിനാട് മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്ററിൽ 'വാദേ ദൽമീനോ' ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**ഏപ്രിൽ 15**

രാവിലെ 11.15-ന് പോങ്ങുംമൂട് ഡി.എം. പ്രൊവിൻഷ്യൽ ഹൗസിൽ ദിവംഗതയായ സി. ട്രീസാ തോമസിന്റെ ശവസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**ഏപ്രിൽ 16**

വിജയപുരം രൂപതയുടെ ആഭിമുഖ്യത്തിൽ കോട്ടയത്ത് നടന്ന വൈദികസംഗമത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സന്ദേശം നൽകി.

**ഏപ്രിൽ 18**

ഉച്ചകഴിഞ്ഞ് 3.00-ന് കത്തീഡ്രലിൽ കാൽകഴുകൽ ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**ഏപ്രിൽ 19**

രാവിലെ 7.00-ന് പാളയത്ത് നടന്ന കുരിശിന്റെ വഴി നയിച്ച് പ്രാരംഭസന്ദേശം നൽകി.

തുടർന്ന് അടൂർ-നെടുമൺ ദൈവാലയത്തിൽ ദുഃഖവെള്ളി യാഴ്ച ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

**ഏപ്രിൽ 20**

ഉച്ചകഴിഞ്ഞ് 3.30-ന് പട്ടം തിരുസന്നിധി അരമനയിൽ വച്ച് നാലാഞ്ചിറ ബഥനി സന്ന്യാസിനീസമൂഹത്തിന്റെ പുതിയ പ്രൊവിൻഷ്യൽ ഭരണസമിതിയുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം 8.00-ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ഉയിർപ്പ് പെരുന്നാൾ ശുശ്രൂഷകൾക്കും വി. കുർബാനയ്ക്കും മുഖ്യകാർമ്മികത്വം വഹിച്ചു.

**ഏപ്രിൽ 23**

രാവിലെ 7.30-ന് പട്ടം ഗവ. ഗേൾസ് എച്ച്.എസ്സ്.എസ്സ്.-ലെ പോളിംഗ് ബൂത്തിലെത്തി വോട്ട് രേഖപ്പെടുത്തി.

വൈകുന്നേരം 6.00-ന് ട്രിവാൻഡ്രം ക്ലർജി ഫെലോഷിപ്പിന്റെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു.

**ഏപ്രിൽ 24**

രാവിലെ 11.00-ന് പുന്നല ദൈവാലയത്തിൽ റവ. ഫാ. ജോർജ്ജ് നീർവിളയുടെ വത്സലമാതാവിന്റെ നവതിയോടനുബ ന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**ഏപ്രിൽ 25**

രാവിലെ 11.00-ന് ആലുവ സെന്റ് ജോൺസ് മലങ്കര സുറി യാനി കത്തോലിക്കാ ദൈവാലയത്തിൽ മലഞ്ചരുവിൽ രോഹി തിന്റെയും കരോളിന്റെയും വിവാഹം ആശീർവദിച്ചു.

**ഏപ്രിൽ 26**

നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെന്ററിൽ നടന്ന എം.സി.വൈ.എം. മേജർ അതിഭദ്രാസന സംഗമം - AYM ഉദ്ഘാ ടനം ചെയ്ത് സംഗമത്തിൽ ആദ്യാവസാനം പങ്കെടുത്തു.

വൈകുന്നേരം 7.00-ന് എം.സി.വൈ.എം. അംഗങ്ങളോടൊപ്പം തിരിതെളിച്ച് ശ്രീലങ്കയിൽ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവരോടുള്ള ആദരാഞ്ജലി അർപ്പിച്ച് പ്രാർത്ഥിച്ചു.

**ഏപ്രിൽ 27**

രാവിലെ 11.00-ന് കറ്റാനം സെന്റ് സ്റ്റീഫൻസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ മാങ്കാവിൽ ശ്രീ. പ്രിൻസിന്റെ മകൻ ഷാരോണിന്റെയും ഷാലിന്റെയും വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ് 3.00-ന് നല്ലില സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ മൂറോൻ കൂദാശയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**ഏപ്രിൽ 28**

രാവിലെ 9.00-ന് കിഴക്കേത്തെരുവ് ഹോളി ട്രിനിറ്റി മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ റവ. ഫാ. റോയ് ജോർജ്ജ് വയലിറക്കത്തിന്റെ പൗരോഹിത്യ സിൽവർ ജൂബിലി ആഘോഷത്തിൽ സംബന്ധിച്ച് ആശംസകൾ അർപ്പിച്ചു.

ഉച്ചകഴിഞ്ഞ് 3.30-ന് അഞ്ചൽ സെന്റ് മേരീസ് ദൈവാലയത്തിൽ ശ്രീ. വിജോ വിൽസന്റെയും ശ്രീമതി ജെസ്സിയുടെയും മകൻ ഏബലിന് മാമോദീസാ നൽകി.

**ഏപ്രിൽ 29**

രാവിലെ 8.00-ന് ആനക്കുളം സെന്റ് ഇഗ്നേഷ്യസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ റവ. സി. ഐശ്വര്യ എസ്.ഐ.സി. യുടെയും റവ. സി. തെരേസാ എസ്.ഐ.സി. യുടെയും സിൽവർ ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**ഏപ്രിൽ 30**

രാവിലെ 8.30-ന് നാലാഞ്ചിറ ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിക്കുകയും സന്ന്യാസിനി അർത്ഥികളുടെ പ്രഥമ വ്രതവാഗ്ദാനം സ്വീകരിച്ചു.

# ആദരാഞ്ജലികൾ

## റവ. സി. ട്രീസാ തോമസ് ഡി.എം. (70)



മേരീമക്കൾ സന്ന്യാസിനിസമൂഹം തിരുവനന്തപുരം പ്രൊവിൻസ് അംഗമായ **റവ. സി. ട്രീസാ തോമസ് ഡി.എം. (70)** നിര്യാതയായി. ശവസംസ് കാരം 2019 ഏപ്രിൽ 15-ന് പോങ്ങുംമൂട് പ്രൊവിൻഷ്യൽ ഹൗസിൽ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയുടെ കാർ മ്മികത്വത്തിൽ നടന്നു. മാർത്താണ്ഡം, പോങ്ങുംമൂട്, അഞ്ചൽ, പോത്തൻകോട് തുടങ്ങിയ മഠങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

## റവ. സി. ഫ്രാൻസീന ഡി.എം. (72)



മേരീമക്കൾ സന്ന്യാസിനിസമൂഹം തിരുവനന്തപുരം പ്രൊവിൻസ് അംഗമായ **റവ. സി. ഫ്രാൻസീന ഡി.എം. (72)** നിര്യാതയായി. ശവസംസ്കാരം 2019 മെയ് 3 ഉച്ച കഴിഞ്ഞ് 2.00-ന് പോങ്ങുംമൂട് പ്രൊവിൻഷ്യൽ ഹൗസിൽ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിലും അഭിവന്ദ്യ ബർണബാസ് തിരുമേനിയുടെ കാർമ്മികത്വത്തിലും നടന്നു. മദർ ജനറൽ, മദർ പ്രൊവിൻഷ്യൽ എന്നീ നിലകളിലും ദീർഘകാലം നോവിസ് മിസ്ട്രസ്സായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മാർത്താണ്ഡം സ്കൂളിൽ അധ്യാപികയായും പ്രവർത്തിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സുവിശേഷസംഘത്തിന്റെ തുടക്കം മുതൽ ജോയിന്റ് സെക്രട്ടറിയായി കാതോലിക്കേറ്റ് സെന്ററിൽ സേവനമനുഷ്ഠിച്ചു വരികയായിരുന്നു.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

# ജന്മദിനാശംസകൾ

## മെയ് 2019

08 - റവ. ഫാ. ഡാനിയേൽ ഇടയിലക്കാട്ട്
08 - റവ. ഫാ. ജോൺ കിഴക്കേക്കര
09 - റവ. ഫാ. മേച്ചേരിമുകളിൽ ജോർജ്ജ്
10 - റവ. ഫാ. ജോൺസൺ പുതുപ്പറമ്പിൽ
11 - റവ. ഫാ. ഡാനിയേൽ പ്ലാവിളയിൽ
12 - റവ. ഫാ. ജോഷ്വാ പാറയിൽ
15 - റവ. ഫാ. വിൽസൺ ചരുവിള
15 - റവ. ഫാ. സാമുവൽ വർഗ്ഗീസ് മേലേടത്ത്
17 - റവ. ഫാ. സാമുവൽ പുത്തൻപുരയിൽ
17 - റവ. ഫാ. വർഗ്ഗീസ് പ്ലാവിളയിൽ
18 - റവ. ഫാ. ജോൺ വർഗ്ഗീസ് പാലനിൽക്കുന്നതിൽ
19 - റവ. ഫാ. ഫ്രാൻസിസ് മൂലമുറിയിൽ
20 - റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
20 - റൈറ്റ്. റവ. മോൺ. ജോർജ്ജ് പനംതുണ്ടിൽ
20 - റവ. ഫാ. തോമസ് കിഴക്കുംകര
20 - റവ. ഫാ. വിൻസെന്റ് ചരുവിള
20 - റവ. ഫാ. തോമസ് മുകളുംപുറത്ത്
20 - റവ. ഫാ. ബോവസ് മാത്യു മേലൂട്ട്
23 - റവ. ഫാ. ജോസഫ് തോട്ടത്തിൽകടയിൽ
27 - റവ. ഫാ. ജോൺസൺ കൊച്ചുതുണ്ടിൽ
27 - റവ. ഫാ. ഇമ്മാനുവൽ ബംഗ്ലാവിൽ
28 - റവ. ഫാ. ജോസഫ് ചാവടിമുരുപ്പേൽ
28 - റവ. ഫാ. ഗീവർഗ്ഗീസ് ചരുവിളയിൽ
30 - റവ. ഫാ. തോമസ് മരോട്ടിമൂട്ടിൽ
30 - റവ. ഫാ. തോമസ് മുകളുവിള
31 - റവ. ഫാ. തോമസ് കയ്യാലയ്ക്കൽ

# പ്രാർത്ഥനയിൽ ഓർക്കാം

## മെയ് 2019

01 – റവ. ഫാ. കുര്യൻ ഇലഞ്ഞിമറ്റം
03 – റവ. ഫാ. വർഗ്ഗീസ് ഇടത്തിൽ
04 – റവ. ഫാ. ജോൺ കോന്നിയൂർ
13 – റവ. ഫാ. ജോസഫ് പാലത്തും തലയ്ക്കൽ
16 – റവ. ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ
16 – റവ. ഫാ. മാത്യു കാലായിൽ
18 – റവ. ഫാ. ജോസഫ് മാത്യു ചാൽക്കടവിൽ
19 – റവ. ഫാ. സേവ്യർ ഞായപ്പള്ളിൽ
20 – റവ. ഫാ. മാത്യു ഇലഞ്ഞിക്കൽ
21 – റവ. ഫാ. ജോഷ്വാ തെക്കേച്ചരുവിൽ
22 – റൈറ്റ്. റവ. മോൺ സി. ടി. കുരുവിള
24 – റവ. ഫാ. ഗീവർഗ്ഗീസ് കിളന്നമണ്ണിൽ

# സ്മരണീയ ദിനങ്ങൾ

## 2019 മെയ്

| | | |
|---|---|---|
| 1 | ബുധൻ | തൊഴിലാളി മദ്ധ്യസ്ഥനായ മാർ യൗസേഫ്<br>ജെറമിയാ നിബിയാ |
| 2 | വ്യാഴം | മാർ അത്തനാസിയോസ് |
| 5 | **ഞായർ** | **ഉയിർപ്പിനുശേഷം രണ്ടാം ഞായർ**<br>**മലങ്കര സുറിയാനി കത്തോലിക്കാ അല്മായ ദിനം** |
| 6 | തിങ്കൾ | നീതിമാനായ ജോബ് |
| 7 | ചൊവ്വ | നമ്മുടെ കർത്താവിന്റെ കുരിശു കണ്ടെത്തൽ |
| 8 | ബുധൻ | **മാർ യോഹന്നാൻ ശ്ലീഹാ** |
| 9 | വ്യാഴം | ഏശയ്യാ നിബിയാ |

| | | |
|---|---|---|
| 10 | വെള്ളി | **തീക്ഷ്ണവാനായ മാർ ശെമഓൻ ശ്ലീഹാ** |
| 11 | ശനി | സ്ലാവ് ജനതയുടെ വി. സിറിലും മെത്തോഡിയോസും |
| 12 | **ഞായർ** | **ഉയിർപ്പിനുശേഷം മൂന്നാം ഞായർ**<br>സൈപ്രസിലെ മാർ എപ്പിഫാനിയോസ്<br>നിസിബിസിലെ മെത്രാനും മല്പാനുമായ മാർ യാക്കോബ് |
| 13 | തിങ്കൾ | അന്ത്യോക്യായിലെ മാർ ഇസഹാക്ക് മല്പാൻ |
| 14 | ചൊവ്വ | **മാർ അദ്ദായി ശ്ലീഹാ** |
| 15 | ബുധൻ | **കതിരുകളെപ്രതി വി. ദൈവമാതാവിന്റെ ഓർമ്മ**<br>മാർ പക്കോമിയോസ് |
| 19 | **ഞായർ** | **ഉയിർപ്പിനു ശേഷം നാലാം ഞായർ** |
| 20 | തിങ്കൾ | **നാലു സുവിശേഷകന്മാർ** |
| 21 | ചൊവ്വ | വി. ഹെലേന രാജ്ഞി |
| 22 | ബുധൻ | വി. റീത്താ |
| 25 | ശനി | വി. സോഫിയ |
| 26 | **ഞായർ** | **ഉയിർപ്പിനു ശേഷം അഞ്ചാം ഞായർ**<br>വി. ഫിലിപ്പ് നേരി<br>**ദൈവവിളി ദിനം** |
| 29 | ബുധൻ | വി. തെയഡോഷ്യ |
| 30 | വ്യാഴം | **സൂലോക്കൊ** (നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം)<br>**വികാരിക്കുർബാന**<br>കേസറിയായിലെ മാർ യൗസേബിയൂസ്<br>വി. ജോവാൻ ഓഫ് ആർക്<br>**അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ** |

## അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

# മെയ് 2019

| | | | |
|---|---|---|---|
| 1 | 7.00 | am | പള്ളിപ്പുറം |
| | 10.30 | am | കാതോലിക്കേറ്റ് സെന്റർ |
| | 11.30 | am | അപ്പസ്തോലിക് സ്കൂൾ, പിരപ്പൻകോട് |
| | 06.15 | pm | യൂത്ത് റിട്രീറ്റ്, പട്ടം |
| 2 | 11.00 | am | കറവൂർ |
| | 04.00 | pm | യൂത്ത് റിട്രീറ്റ്, പട്ടം |
| 3 | 07.00 | am | വെള്ളാനിക്കൽ |
| | 2.00 | pm | പോങ്ങുംമൂട് |
| | | | യൂത്ത് റിട്രീറ്റ്, പട്ടം |
| | 04.00 | pm | UAE Consulor-മായി കൂടിക്കാഴ്ച |
| 4 | 9.00 | am | തിരുവല്ല (OSS Generalate) |
| | 3.30 | pm | പെരിങ്ങനാട് ദൈവാലയ കൂദാശ |
| | 6.00 | pm | യൂത്ത് റിട്രീറ്റ്, പട്ടം |
| 5 | 7.00 | am | യൂത്ത് റിട്രീറ്റ്, പട്ടം |
| | 4.00 | pm | അതിരുങ്കൽ |
| 6 | 8.00 | am | പോങ്ങുംമൂട് |
| | 3.30 | pm | സെന്റ് അലോഷ്യസ് സെമിനാരി |
| | 7.00 | pm | ബഥനി നവജീവൻ സ്കൂൾ, നാലാഞ്ചിറ |
| 7 | 9.00 | pm | സെന്റ് അലോഷ്യസ് സെമിനാരി |
| 8-10 | | | സി.ബി.സി.ഐ., ബാംഗ്ലൂർ |
| 11 | 8.30 | am | കത്തീഡ്രൽ |
| | 9.30 | am | ഗിരിദീപം കൺവെൻഷൻ സെന്റർ |
| | | | കഴക്കൂട്ടം |
| 12 | 6.30 | am | കിഴക്കുപുറം |
| | 2.30 | pm | മണ്ണൂർ |

| | | | |
|---|---|---|---|
| 13 | 8.00 | am | മണ്ണൂർ |
| | 2.30 | pm | പറന്തൽ ദൈവാലയ കൂദാശ |
| | | | മേജർ സെമിനാരി ക്യാമ്പ് |
| 14 | | | മേജർ സെമിനാരി ക്യാമ്പ് |
| 15 | 11.00 | am | വാളകം |
| 16 | 9.00 | am | റിന്യൂവൽ സെന്റർ, നാലാഞ്ചിറ |
| | 11.00 | am | മണ്ണന്തല |
| 17 | 10.00 | am | കാതോലിക്കേറ്റ് സെന്റർ |
| 18 | 10.00 | am | കാതോലിക്കേറ്റ് സെന്റർ |
| | 2.00 | pm | നെടുമങ്ങാട് |
| 24 | 6.30 | am | സെന്റ് അലോഷ്യസ് സെമിനാരി, |
| | | | കേശവദാസപുരം (മൈനർ ഓർഡേഴ്സ്) |
| 25 | 11.00 | am | പെരിങ്ങനാട് |
| 26 | 9.00 | am | പാലോട് |
| 27 | 11.00 | am | പട്ടം |
| | 6.00 | pm | നാലാഞ്ചിറ |
| 30 | 7.00 | am | സെന്റ് അലോഷ്യസ് സെമിനാരി, |
| | | | കേശവദാസപുരം (ഡീക്കൻ പട്ടം) |
| 31 | 10.00 | am | മാർ ഈവാനിയോസ് കോളേജ് |
| | | | മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്റർ |

### മലങ്കര സുറിയാനി കത്തോലിക്കാ സഭ

# ദൈവവിളി പ്രാർത്ഥനാവാരം 2019

## ദൈവവിളിയ്ക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോർ എപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, മാതാപിതാക്കളേ, പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

2019 ഏപ്രിൽ മാസം 28-ാം തീയതി ഞായറാഴ്ച മലങ്കര സുറിയാനി കത്തോലിക്കാ സഭ ദൈവവിളി പ്രാർത്ഥനാദിനമായി ആചരിക്കുകയാണ്. കുട്ടികളിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന ദൈവവിളി എന്ന മഹത്തായ ദാനത്തെ തിരിച്ചറിഞ്ഞ് അവരെ ദൈവം ആഗ്രഹിക്കുന്ന മാർഗ്ഗത്തിലൂടെ നയിക്കുവാൻ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ ദൈവവിളി ദിനാചരണം കൊണ്ട് പരിശുദ്ധ സഭ ലക്ഷ്യം വച്ചിരിക്കുന്നത്.

ദൈവവിളി എന്നതുകൊണ്ട് കുടുംബജീവിതാന്തസ്സിലേക്കും, പൗരോഹിത്യ-സമർപ്പിത ജീവിതത്തിലേക്കും ഉള്ള ദൈവത്തിന്റെ ക്ഷണത്തെ ആണ് അർത്ഥമാക്കുന്നത്. ഓരോ വിളിയുടെയും ലക്ഷ്യം എന്നത് ദൈവത്തോടൊത്ത് ആയിരിക്കുക എന്നത്രെ. കുടുംബജീവിതവും, പൗരോഹിത്യവും, സന്ന്യാസവും സഭയ്ക്കുള്ള ദൈവത്തിന്റെ സമ്മാനങ്ങളാണ്.

പഴയ നിയമകാലം മുതൽ ദൈവം തന്റെ ജനത്തെ നയിക്കുന്നതിനും, പഠിപ്പിക്കുന്നതിനും, വിശുദ്ധീകരിക്കുന്നതിനുമായി പുരോഹിതന്മാരേയും, ന്യായാധിപൻമാരേയും, പ്രവാചകൻമാരേയും,

ഇടയൻമാരേയും വിളിച്ചു കൊണ്ടിരിക്കുന്നു. ദൈവവിളിയ്ക്കായുള്ള പ്രാർത്ഥനകളും, അപേക്ഷകളും, പ്രയത്നങ്ങളും ഇന്നും സഭയിലൂടെ തുടർന്നു കൊണ്ടേയിരിക്കുന്നു.

ദൈവത്തിനും, ദൈവജനത്തിനും വേണ്ടി പ്രത്യേകവിധം സമർപ്പിതമാകുവാൻ പൗരോഹിത്യമെന്ന ദാനവും, സന്ന്യാസമെന്ന ദൈവവിളിയും വ്യക്തികളെ പ്രാപ്തരാക്കുന്നു. സഭയുടെ വളർച്ചയും, നവീകരണവുമാണ് ഈ ജീവിതാവസ്ഥകളിലൂടെ ദൈവം ആഗ്രഹിക്കുന്നത്. ദൈവതിരുമുമ്പിൽ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനു മുൻപുതന്നെ യേശുക്രിസ്തുവിനാൽ വിളിക്കപ്പെട്ടവരും, തെരഞ്ഞെടുക്കപ്പെട്ടവരുമാണ് സമർപ്പിതരായ പുരോഹിതരും സന്ന്യാസി സന്ന്യാസിനികളും.

ഇന്ന് പൗരോഹിത്യ സന്യസ്തജീവിതങ്ങൾ ഏറെ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്നു. സന്യാസവും, പൗരോഹിത്യ ജീവിതവും ഉപേക്ഷിച്ചുപോകുന്നവർ സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്ന പൗരോഹിത്യത്തിനും, സന്യാസത്തിനും നിരക്കാത്ത അബദ്ധസിദ്ധാന്തങ്ങൾ ദൈവവിളിയെ സാരമായി ബാധിക്കുന്നു. സമർപ്പിത ജീവിതങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങളും ദുർമാതൃകകളും ദൈവവിളിക്ക് വിഘാതമാണ്. എന്നാൽ, ഇത്രയെല്ലാം പ്രയാസങ്ങളും, പ്രശ്നങ്ങളും നേരിടുമ്പോഴും വിശുദ്ധിയോടെ ദൈവത്തോടൊപ്പം ആയിരുന്ന് സഭയിൽ ശുശ്രൂഷ ചെയ്യുന്ന ലക്ഷകണക്കിന് പുരോഹിതരും, സന്യസ്തരും നമുക്കുണ്ട് എന്ന യാഥാർത്ഥ്യം നാം വിസ്മരിച്ചുകൂടാ. ലോകത്തിന്റെ മായാമോഹങ്ങളിലും, മാധ്യമങ്ങളുടെ അതിപ്രസരണത്തിലും മതിമറക്കുന്ന ഈ കാലഘട്ടത്തിലും, തങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി തിരിച്ചറിയുകയും, അവിടുത്തെ വിളിക്ക് ഹൃദയപൂർവം പ്രത്യുത്തരം നൽകുകയും ചെയ്യുന്ന നല്ല ഒരു യുവതലമുറ നമുക്കുണ്ട് എന്നതും നമ്മെ പ്രത്യാശാഭരിതരാക്കുന്നു.

ആയതിനാൽ, ദൈവത്തിന്റെ വിളി സ്വീകരിക്കുവാനും തിരുസഭയിലൂടെ അവിടുത്തേക്ക് ശുശ്രൂഷ ചെയ്യുവാനും ആഗ്രഹമുള്ള കുഞ്ഞുങ്ങളെ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനും അവർക്കായി ദൈവം കരുതിയിരിക്കുന്ന ജീവിതാവസ്ഥയിലേക്ക് അവരെ

നയിക്കുവാനും, മാതാപിതാക്കൾ, വൈദികർ, സമർപ്പിതർ, വിശ്വാസ പരിശീലകർ, അദ്ധ്യാപകർ, ഭക്തസംഘടനാ ഭാരവാഹികൾ എന്നിവരെല്ലാം സർവാത്മനാ പരിശ്രമിക്കേണ്ടതാണ്.

അജപാലനശുശ്രൂഷയിലും പ്രേഷിതദൗത്യത്തിലും അത്ഭുതകരമായ ദൈവപരിപാലന അനുഭവിക്കുന്ന ഒരു സഭയാണ് നമ്മുടേത്. ദൈവത്തിന്റെ വിളിയോട് സർവാത്മനാ സഹകരിച്ച ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ മഹത്തായ പൈതൃകമാണ് മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ പുരോഹിതർക്കും സന്യസ്തർക്കുമുള്ളത്. ഈ മഹത്തായ പൈതൃകം ഉൾക്കൊണ്ടുകൊണ്ട്, സഭാശുശ്രൂഷയ്ക്കായി തങ്ങളെത്തന്നെ സമർപ്പിക്കുവാൻ അനേകം യുവജനസുഹൃത്തുക്കൾ, വൈദിക, സന്യാസ വഴികളിലേക്ക് കടന്നുവരുവാൻ സഹായിക്കുന്നതിൽ ദൈവവിളി ദിനം, ദൈവവിളി വാരാഘോഷം എന്നിവ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.


മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേകമായ സംവിധാനത്തിലും പശ്ചാത്തലത്തിലും വൈദിക സന്യസ്ത ജീവിതാന്തസ്സുകളിലേക്കുള്ള ദൈവവിളിയുടെ പ്രോത്സാഹനത്തിനും പരിപോഷണത്തിനുമായിട്ടാണ് നാം ദൈവവിളിക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന് രൂപം കൊടുത്തിട്ടുള്ളത്. ഈ കമ്മീഷന്റെ നേതൃത്വത്തിൽ, നമ്മുടെ ഭദ്രാസനങ്ങളിലും, സന്യാസഭവനങ്ങളിലും, പ്രാർത്ഥനയിലും, പരിത്യാഗത്തിലും അധിഷ്ഠിതമായ വിവിധ കർമപരിപാടികൾ നടന്നുവരുന്നു. ഈ വരുന്ന 2019 ഏപ്രിൽ 28-ാം തീയതി മുതൽ മെയ് മാസം 4-ാം തീയതി വരെ വിവിധങ്ങളായ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് 'ദൈവവിളി ആഴ്ച' ആയി ആചരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങൾ ഇതോടൊപ്പം അയയ്ക്കുന്നുണ്ട്. അതനുസരിച്ചുള്ള ക്രമീകരണങ്ങൾ ഇടവകകളിലും, സന്യാസഭവനങ്ങളിലും നടത്തണമെന്ന് സ്നേഹത്തോടെ ഞാൻ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ കുട്ടികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാനും പൗരോഹിത്യ സന്യാസജീവിതത്തിലേക്ക് താല്പര്യമുള്ള കുഞ്ഞുങ്ങൾക്ക് വേണ്ട പ്രോത്സാഹനം നൽകുവാനും, ദൈവവിളിക്യാമ്പു

കളും, കുട്ടികളുടെ സംഗമങ്ങളും ഇടവകകളിൽ ക്രമീകരിക്കുവാനും, മാധ്യമങ്ങൾ ദൈവവിളി പ്രോത്സാഹന ഉപാധികളാക്കുവാനും നമുക്ക് കഴിയണം. ദൈവവിളി പ്രോത്സാഹനമെന്ന മഹത്തായ ഉത്തരവാദിത്വം എല്ലാ വിശ്വാസികളെയും, ബഹു. വൈദികരെയും, ശെമ്മാശന്മാരെയും, സന്യസ്തരെയും, മതാധ്യാപകരെയും, അൾത്താര ശുശ്രൂഷികളെയും സ്നേഹപൂർവം ഞാൻ ഭരമേല്പിക്കുന്നു. ദൈവം തന്റെ കരുണയുടെ കരങ്ങൾ നമ്മുടെമേൽ വിരിയ്ക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭ യിലെ ഓരോ അംഗവും ‘തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കുവാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവാൻ’ (മത്താ 12:38) അരുളിച്ചെയ്ത നമ്മുടെ കർത്താവിനോട് ചേർന്ന് നിന്നു കൊണ്ട് ദൈവവിളികൾക്കായി ഉള്ളുരുകി പ്രാർത്ഥിക്കണം. അതു വഴിയായി നമ്മുടെ സഭ പൗരോഹിത്യ സന്യസ്ത ദൈവവിളി കൾകൊണ്ട് സമ്പന്നമാകും എന്ന് നമുക്ക് പ്രത്യാശിക്കാം. എല്ലാ വർക്കും ഉയിർപ്പ് തിരുന്നാളിന്റെ അനുഗ്രഹങ്ങൾ നേരുന്നു!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



✠ **സാമുവൽ മാർ ഐറേനിയോസ്**
ചെയർമാൻ, ദൈവവിളിക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ,
പത്തനംതിട്ട ഭദ്രാസനത്തിന്റെ കോ-അഡ്ജുത്തോർ ബിഷപ്പ്.

16.04.2019
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

N.B.: ഈ സർക്കുലർ ദൈവവിളി പ്രാർത്ഥനാവാരം ആരംഭിക്കുന്ന 2019 ഏപ്രിൽ 28, ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

### 2019-ലെ അൽമായ ദിനത്തോടനുബന്ധിച്ച്, അൽമായർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ

# അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ

### പുറപ്പെടുവിക്കുന്ന സർക്കുലർ

ബഹു. വൈദികരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭ അല്മായ ദിനം ഈ വർഷം മെയ് 5, ഞായറാഴ്ചയാണ് ആചരിക്കുന്നത്. അല്മായരുടെ വിളിയും ദൗത്യവും സവിശേഷമായി അനുസ്മരിക്കുന്ന ഈ ദിനത്തിന്റെ പ്രാർത്ഥനാശംസകൾ എല്ലാ അല്മായ സഹോദരങ്ങൾക്കും സമൃദ്ധമായി നേരുന്നു!

ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷമറിയിക്കുവാനാണ് ഓരോ വിശ്വാസിയും വിളിക്കപ്പെട്ടിരിക്കുന്നത്. ഉത്ഥിതനായ കർത്താവ് നല്കിയ സുവിശേഷ ദൗത്യം പ്രതിബദ്ധതയോടെ ഏറ്റെടുക്കുവാനും ദൗത്യബോധമുള്ളവരാകുവാനും അൽമായ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അൽമായ പ്രേഷിതത്വം പ്രധാനമായും രണ്ടുമേഖലകളിലായാണ് നിറവേറ്റാൻ കഴിയുന്നത്. ക്രിസ്തു സാധ്യമാക്കിയ രക്ഷ ലോകത്തിന് പകർന്ന് കൊടുക്കുന്നതിലൂടെയും ക്രിസ്തീയ മൂല്യങ്ങളുടെ വെളിച്ചത്തിൽ ഭൗതിക മണ്ഡലം പുനരുദ്ധരിക്കുന്നതിലൂടെയുമാണ് അത് നിറവേറ്റുന്നത്.

അല്മായരുടെ പ്രേഷിതത്വം തിരുസഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുചേരുക എന്നതാണ്. ആദ്യമായി അതു നിർവഹിക്കാൻ കഴിയുന്നത് വിശ്വാസത്തിന് തങ്ങളുടെ ജീവിതത്തിലൂടെ വ്യക്തിപരമായ സാക്ഷ്യം നല്കിക്കൊണ്ടാണ്. എന്നാൽ ഒരു അല്മാ

യന്റെ പ്രേഷിതദൗത്യം പൂർത്തിയാവുന്നത്, വ്യക്തിപരമായ സാക്ഷ്യത്തിനപ്പുറം പരസ്യമായി കർത്താവിനെ പ്രഘോഷിക്കുമ്പോഴാണ്. അതായത്, മതബോധനത്തിലൂടെ, മറ്റു വിശ്വാസികളെ തങ്ങളുടെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുക, ആത്മാക്കളെ പരിപാലിക്കുക, സഭയുടെ ശ്ലൈഹികവും പ്രേഷിതപരവുമായ എല്ലാ സംരംഭങ്ങളിലും കഴിവിനൊത്തു പങ്കെടുക്കുക, സഭയുടെ ഭൗതികവളർച്ച കാര്യക്ഷമമാക്കുക, സ്വന്തം വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ക്രിസ്തുസന്ദേശം സഭയ്ക്കുള്ളിലും പൊതുസമൂഹത്തിലും പ്രഘോഷിക്കുക എന്നിവയാണവ.

അൽമായ പ്രേഷിതത്വത്തിന്റെ അടിസ്ഥാനം അല്മായന്റെ ക്രിസ്തുവിലുള്ള വ്യക്തിപരമായ വളർച്ചയാണ്. ക്രിസ്തുവിൽ വസിക്കുന്നവനും ക്രിസ്തുവാകുന്ന തായ്ത്തണ്ടുമായി ചേർന്നിരിക്കുന്നവർക്കും മാത്രമേ ഫലം പുറപ്പെടുവിക്കാൻ കഴിയുകയുള്ളു (യോഹ. 15:4-5). താൻ കണ്ടുമുട്ടിയ ക്രിസ്തുവിനെ, വൈകാരിക തലത്തിനപ്പുറത്തേക്കുള്ള വ്യക്തിപരമായ ഒരു ബന്ധമായും ബോധ്യമായും വളർത്തണം. ആരാധനക്രമത്തിലെ ക്രിയാത്മകമായ ഭാഗഭാഗിത്വം, ദൈവഹിതത്തിനനുസൃതമായി തന്റെ ജീവിതാന്തസ്സു നിറവേറ്റൽ, പരിശുദ്ധ അമ്മയോടുള്ള ഭക്തി, വിശ്വാസത്തിന്റെയും വചനത്തിന്റെയും മനനം തുടങ്ങിയവ ഒരാളെ ക്രിസ്തുവുമായുള്ള ബന്ധത്തിൽ ദൃഢപ്പെടാൻ സഹായിക്കും. പലപ്പോഴും വ്യക്തിപരമായി ക്രിസ്തുവിനെ കണ്ടുമുട്ടിയവർ തങ്ങളുടെ ക്രിസ്താനുഭവം ആഴമുള്ള വ്യക്തിബന്ധമായി വളർത്താതെ വെറും വൈകാരികമായ തലത്തിൽ ഒതുക്കി നിർത്തുന്നതായി കാണപ്പെടാറുണ്ട്.

വ്യക്തിപരമായ സാക്ഷ്യത്തിനുമപ്പുറം, ക്രിസ്തീയവിശ്വാസം ലോകത്തോട് പ്രഘോഷിക്കുക എന്നതും അല്മായന്റെ കടമയാണ്. ഇന്ന് ധാരാളം അല്മായർ സുവിശേഷസംഘം വഴി ഈ രംഗത്തേക്കു കടന്നുവരുന്നു എന്നത് സന്തോഷം നല്കുന്ന വസ്തുതയാണ്. തങ്ങളുടെ വിശ്വാസപ്രഘോഷണത്തിൽ അൽമായ സഹോദരങ്ങൾ ഒരുപാട് വെല്ലുവിളികൾ അഭിമുഖീകരിക്കുന്നുണ്ട്. മത തീവ്രവാദം ഉയർത്തുന്ന വെല്ലുവിളികൾ, ആശയ വിനിമയ രംഗത്തെ തടസ്സങ്ങൾ, സാംസ്കാരിക മണ്ഡലത്തിലെ വെല്ലുവിളികൾ, സാമ്പത്തിക ഉച്ചനീചത്വങ്ങൾ, സന്നദ്ധരായ പ്രേഷിതരുടെ ലഭ്യതക്കുറവ് എന്നിവ എടുത്തുപറയത്തക്ക വെല്ലുവിളികളാണ്.

അല്മായപ്രേഷിതത്വത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മേഖല യാണ് കുടുംബം. മാറിക്കൊണ്ടിരിക്കുന്ന സാമൂഹികപശ്ചാത്തല ത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധ അർഹിക്കുന്ന ഒരു മേഖലയാണിത്. ക്രിസ്തീയ വിവാഹമെന്ന കൂദാശയ്ക്ക് വിശ്വസ്തതയും സാക്ഷ്യവും നല്കുക, മക്കൾക്ക് ജന്മം നല്കുകയും ശിക്ഷണം നല്കുകയും ചെയ്യുക, കുടുംബങ്ങളുടെ ക്ഷേമത്തിന് സർക്കാരിന്റെ സഹകര ണവും ആസൂത്രണവും ഉറപ്പുവരുത്തുക എന്നതൊക്കെയാണ് ഈ മേഖലയിൽ അല്മായ പ്രേഷിതത്വത്തിന് നിർവഹിക്കാൻ കഴിയുന്ന കാര്യങ്ങൾ. ദമ്പതികൾ പരസ്പരം വിശ്വാസത്തിന് സാക്ഷ്യം വഹി ക്കുകയും കൃപാവരത്തിൽ വളരുകയും വിവാഹത്തിന്റെ അവിഭാ ജ്യതയും വിശുദ്ധിയും നിലനിർത്തുകയും ചെയ്യുമ്പോൾ പ്രേഷിത പ്രവർത്തനം സാധ്യമാകുന്നു. വ്യക്തിപരമായ വിശ്വാസവളർച്ച, പരസ്പര സഹായം, വിശ്വസ്തമായ ഉത്തരവാദിത്വ നിർവഹണം എന്നിവയിലൂടെ ദമ്പതികൾക്ക് വിവാഹത്തിന്റെ അഭിഭാജ്യത കാത്തുസൂക്ഷിക്കാനും കൃപാവരത്തിൽ വളരാനും കഴിയും.

കുടുംബങ്ങളിൽ അല്മായർക്കു നിർവഹിക്കുവാൻ കഴിയുന്ന പ്രേഷിതമേഖലയുടെ മറ്റൊരു വശമാണ് മക്കൾക്ക് ജന്മവും ശിക്ഷ ണവും നല്കുക എന്നത്. കുഞ്ഞുങ്ങൾക്കു ജന്മം നല്കുക എന്നത് ദമ്പതികളുടെ വ്യക്തിപരമായ താത്പര്യം എന്നതിനപ്പുറം, മനു ഷ്യരാശിയുടെ വളർച്ചയുടെയും നിലനില്പിന്റെയും അടിസ്ഥാന മാണെന്ന് ദമ്പതികൾ തിരിച്ചറിയണം. അതിനാൽത്തന്നെ, ഇത് സ്രഷ്ടാവിന്റെ തിരുവിഷ്ടമാണെന്നും തങ്ങളുടെ വിശ്വാസത്തിന്റെ പ്രകടനമാണെന്നും ദമ്പതികൾ മനസ്സിലാക്കണം.

കുഞ്ഞുങ്ങൾക്ക് വേണ്ട ശിക്ഷണം നല്കുക എന്നത് അല്മായ പ്രേഷിതത്വത്തിന്റെ അടുത്ത മേഖലയാണ്. ഈ ശിക്ഷണം സാമ്പ ത്തിക സുസ്ഥിതിയും തൊഴിലും ഉറപ്പുവരുത്തുന്ന വിദ്യാഭ്യാസവും, ഉത്തമ വിശ്വാസിയും പൗരനുമാകാനുള്ള ശിക്ഷണവും ചേർന്ന താണ്. തന്റെ അന്തസ്സും മഹത്വവും തിരിച്ചറിയാനും സ്ത്രീപുരുഷ ഭേദമില്ലാതെ എല്ലാവരും ആ മഹത്വത്തിന് ഉടമകളാണെന്നറിയാനും ഒരുവനെ സഹായിക്കുന്നതാവണം ഈ ശിക്ഷണം. ഈ ശിക്ഷണ ത്തിന്റെ ആദ്യപടി കുടുംബങ്ങളിലാണ് നടക്കുന്നത്. മാതാപിതാ ക്കന്മാരുടെ പരസ്പരസ്നേഹം, കുഞ്ഞുങ്ങൾക്ക് അവർ പകർന്നു നല്കുന്ന വിശ്വാസം, മൂല്യങ്ങൾ, സ്നേഹം തുടങ്ങിയവയിലൂടെ ഈ ശിക്ഷണം സാധ്യമാവും. ഈ ദൗത്യത്തിൽ ഇന്ന് മാതാ

പിതാക്കന്മാർ ഏറെ വെല്ലുവിളികൾ നേരിടുന്നുണ്ട്. മാറിക്കൊണ്ടിരിക്കുന്ന കുടുംബസാഹചര്യങ്ങൾ പ്രത്യേകിച്ച് അണുകുടുംബം, മാതാവോ പിതാവോ മാത്രം ശിക്ഷണത്തിൽ ഏർപ്പെടുന്ന അവസ്ഥ, അനുദിനം മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക പശ്ചാത്തലം, പുതു സാങ്കേതിക വിദ്യകൾ പുതിയ തലമുറയ്ക്കു നല്കുന്ന സാധ്യതകളും വെല്ലുവിളികളും, മൂല്യബോധനത്തിലും ശിക്ഷണത്തിലും മറ്റും സാമൂഹ്യ സമ്പർക്ക മാധ്യമങ്ങൾ നടത്തുന്ന വർധിച്ച ഇടപെടലുകൾ, വിദ്യാഭ്യാസം തികച്ചും മതനിരപേക്ഷമാക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങൾ തുടങ്ങിയവ ഇന്ന് മാതാപിതാക്കന്മാർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളാണ്. കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളും ക്രിസ്തീയ കുടുംബങ്ങളുടെ ദൗത്യവും ഗൗരവത്തോടെ പരിചിന്തിക്കുവാൻ പരിശുദ്ധ കാതോലിക്കാ ബാവ തിരുമനസ്സ് 2019 ഒക്ടോബർ 8,9 തീയതികളിൽ ദ്വിതീയ സഭാ അസംബ്ലി വിളിച്ചുകൂട്ടുകയാണല്ലോ. "കൃപ നിറയുന്ന കുടുംബങ്ങൾ" എന്ന അസംബ്ലി വിഷയം ആഴത്തിൽ പഠിക്കുവാനും പ്രയോഗിക ജീവിതത്തിൽ സാംശീകരിച്ച് നമ്മുടെ കുടുംബങ്ങളെ വിശുദ്ധീകരിക്കാനും ശാക്തീകരിക്കുവാനും നമുക്ക് പരിശ്രമിക്കാം.

ക്രിസ്തീയ പ്രേഷിതചൈതന്യം നിറയ്ക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു മേഖലയാണ് നാം ജീവിക്കുന്ന ഭൗതികമണ്ഡലം. തങ്ങൾ ജീവിക്കുന്ന സമൂഹത്തിന്റെ ചിന്തയിലും പ്രവർത്തനരീതികളിലും നിയമ വ്യവസ്ഥിതികളിലും ക്രിസ്തീയ മൂല്യങ്ങൾ സന്നിവേശിപ്പിക്കാനുള്ള ഉത്തരവാദിത്വം ഓരോ അല്മായനുമുണ്ട്. ഇതിന് ആദ്യമായി ചെയ്യേണ്ടത് ക്രിസ്തീയ മൂല്യങ്ങൾക്ക് വ്യക്തിജീവിതംകൊണ്ടു സാക്ഷ്യം നല്കുക എന്നതാണ്. അതായത്, അല്മായർ തങ്ങളുടെ തൊഴിൽ മേഖലകളിലും ജീവിതവ്യാപാരത്തിലും സുഹൃദ് ബന്ധങ്ങളിലും ക്രിസ്തീയ മൂല്യങ്ങൾ നിലനിർത്തണം. എന്നാൽ, ഈ മേഖലയിലെ പൂർണമായ പ്രേഷിത പ്രവർത്തനം വ്യക്തിപരമായ സാക്ഷ്യത്തിനപ്പുറം കടന്നുചെന്ന് സാംസ്കാരിക രംഗങ്ങളിലും സാമൂഹിക സുസ്ഥിതിക്കുവേണ്ടിയും പ്രവർത്തിക്കാൻ അല്മായനെ ഉദ്ബോധിപ്പിക്കുന്നു. സാംസ്കാരിക മേഖലയിലുള്ള പ്രവർത്തനം ചിന്തയിലൂടെയും എഴുത്തിലൂടെയും മാത്രമേ സാധ്യമാകൂ. അതിനാൽത്തന്നെ, ഈ മേഖലയിൽ ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന അല്മായർ ധാരാളമായി കടന്നുവരികയും പ്രവർത്തിക്കുകയും വേണം.

സാമൂഹ്യസൃഷ്ടിയിൽ അൽമായ സഹോദരങ്ങൾ പങ്കുചേരുക എന്നാൽ സമൂഹത്തിന്റെ നന്മ ഉറപ്പാക്കുന്നതിനായി പരിശ്രമിക്കുകയെന്നർത്ഥം. സമൂഹത്തിന്റെ നന്മ എന്നാൽ ആത്യന്തികമായി മനുഷ്യന്റെ നന്മയാണ്. ഒരു വ്യക്തിയുടെ ആധ്യാത്മികവും ഭൗതികവുമായ നന്മ. ഇതിനെ മനുഷ്യന്റെ സമഗ്ര വളർച്ച എന്നു വിളിക്കാം. മനുഷ്യന് അവന്റെ അന്തസ്സിനടുത്ത ജീവിതം നിഷേധിക്കുന്ന എല്ലാ അസ്വാതന്ത്ര്യങ്ങളിലും നിന്നുള്ള മോചനമാണ് സമഗ്രവളർച്ച. ഈ അസ്വാതന്ത്ര്യങ്ങൾ പലവിധമുണ്ട്. ദാരിദ്ര്യം, ക്ഷാമം, ശുചീകരണ സൗകര്യങ്ങളില്ലായ്മ, ശരിയായ ആരോഗ്യ പരിചരണത്തിന്റെയും ചികിത്സയുടെയും അഭാവം തുടങ്ങിയവയാണ് ഇതിന് ഉദാഹരണങ്ങൾ. ഇതിൽ നിന്നുള്ള മോചനം മനുഷ്യന് സാധ്യമാക്കിക്കൊടുക്കേണ്ടത് ഓരോ രാജ്യത്തിന്റെയും ഭരണകൂടത്തിന്റെയും ഉത്തരവാദിത്വമാണ്.


അല്മായദിനം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അല്മായരുടെ പൊതു ആഘോഷമാണ്. എം.സി.എ, മാതൃസംഘം, പിതൃവേദി, വിൻസെന്റ് ഡി പോൾ സൊസൈറ്റി, ലീജിയൻ ഓഫ് മേരി തുടങ്ങിയ എല്ലാ അല്മായ സംഘടനകളും ഒരുമിച്ച് ഈ ദിനം സമുചിതമായി ആഘോഷിക്കുമല്ലോ. സഭയുടെ വളർച്ചക്കും സമൂഹത്തിന്റെ വികസനത്തിനും വേണ്ടി അല്മായ പ്രസ്ഥാനങ്ങൾ നൽകുന്ന പങ്കാളിത്തവും സഹകരണവും ഞാൻ നന്ദിയോടെ ഇത്തരുണത്തിൽ സ്മരിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. സുവിശേഷസംഘത്തിലൂടെ അല്മായ സഹോദരീ സഹോദരന്മാർ നല്കുന്ന സാക്ഷ്യജീവിതവും പ്രതിബദ്ധതയും ആത്മസമർപ്പണവും ഞാൻ നന്ദിയോടെ ഓർക്കുന്നു. ബാഹ്യകേരള പശ്ചാത്തലത്തിൽ ഭവനങ്ങൾ കേന്ദ്രീകരിച്ചുള്ള മിഷൻ പ്രവർത്തനയജ്ഞത്തിൽ അല്മായ സഹോദരങ്ങൾ ഏറ്റെടുക്കുന്ന ത്യാഗം നിസ്തുലമാണ്. അൽമായ സഹോദരങ്ങളുടെ വിശ്വാസശാക്തീ കരണത്തിനും ഏകോപനത്തിനുമായി കഠിനാധ്വാനം ചെയ്ത ബഥനി സന്യാസ സമൂഹത്തിലെ എല്ലാ സമർപ്പിതരെയും പ്രത്യേകിച്ച് സ്നേഹം നിറഞ്ഞ ജോൺ ബർക്കുമാൻസ് ഒ.ഐ.സി. അച്ചനെയും കൃതജ്ഞതയോടെ ഓർക്കുന്നു. ശതാബ്ദി ആഘോഷിക്കുന്ന ബഥനി സന്യാസ സമൂഹത്തിന് നന്ദി നിറഞ്ഞ അനുഗ്രഹാശംസകൾ! പ്രവാസ ജീവിതത്തിന്റെ പരിമിതിയും ബുദ്ധിമുട്ടുകളും വകവയ്ക്കാതെ പ്രേഷിത തീഷ്ണതയാൽനിറയുന്ന അല്മായ സഹോദരങ്ങൾ

തിരുസഭയുടെ ശോഭയേറിയ സാക്ഷ്യമുഖമാണ്. ക്ലേശമേറിയ പ്രവാസ ജീവിതത്തിലും അധ്വാനത്തിന്റെ വലിയ ഓഹരി തിരുസഭയുടെ കാരുണ്യ പ്രവർത്തനങ്ങൾക്കായി നീക്കിവെയ്ക്കുന്ന സഹോദരങ്ങളെ സഭ കടപ്പാടോടെ ഓർക്കുന്നു.

അല്മായദിനത്തിലെ വിശുദ്ധ കുർബാനയുടെ സ്തോത്രകാഴ്ച നമ്മുടെ സഭയിലെ അല്മായ ശുശ്രൂഷയ്ക്കുവേണ്ടിയാണല്ലോ നാം വിനിയോഗിക്കുന്നത്. അന്നേദിവസം ഉദാരമായി സ്തോത്രകാഴ്ച നൽകി അനുഗ്രഹീതരാകുവാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. നമ്മുടെ സഭയുടെ പ്രത്യേക കാനോന 601 പ്രകാരം പ്രസ്തുത സ്തോത്രകാഴ്ച സമാഹരിച്ച് ബഹു. വികാരിയച്ചന്മാർ അതാത് അതിഭദ്രാസന, ഭദ്രാസന, എക്സാർക്കേറ്റ് പ്രൊക്കുറേറ്റർമാരുടെ പേർക്ക് അയച്ചുകൊടുക്കേണ്ടതും പ്രൊക്കുറേറ്റർമാർ പ്രസ്തുത തുകയുടെ പകുതി ഭദ്രാസനതല അൽമായ ശുശ്രൂഷകൾക്ക് വിനിയോഗിക്കേണ്ടതും, പകുതി കാതോലിക്കേറ്റ് സെന്ററിൽ സഭയുടെ ഫിനാൻസ് ഓഫീസിൽ എത്തിക്കേണ്ടതുമാണ്. അല്മായ പ്രസ്ഥാനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേഫ് പിതാവ് നമുക്ക് തുണയും മദ്ധ്യസ്ഥനുമായിരിക്കട്ടെ!

ഉത്ഥിതനായ കർത്താവ് എല്ലാ അല്മായ ശുശ്രൂഷകളെയും വാഴ്ത്തി അനുഗ്രഹിക്കട്ടെ!

എന്ന്



✠ **ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
അൽമായർക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
അല്മായദിനം 2019

---

N.B. ഈ സർക്കുലർ അല്മായ ദിനമായ മെയ് 5-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

# നാമഹേതുക തിരുനാളാശംസകൾ



**അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലീത്താ**
(മെയ് 30)



**ബഥനി മിശാഹാനുകരണ സന്യാസിനി സമൂഹം തിരുവനന്തപുരം പ്രൊവിൻസിൽ പ്രഥമ വ്രതവാഗ്ദാനം ചെയ്ത സന്യാസിനികൾ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയോടും അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനിയോടും അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് തിരുമേനിയോടുമൊപ്പം**
**(പ്രൊവിൻഷ്യൽ ഹൗസ് ചാപ്പൽ, നാലാഞ്ചിറ, 30 – 04 – 2019)**



ശ്രീലങ്കയിലെ ഭീകരാക്രമണത്തിൽ നിര്യാതരായവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്
തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ യുവജനങ്ങൾ കത്തിച്ച മെഴുകുതിരികളുമായി അണിനിരന്നപ്പോൾ.
പ്രാർത്ഥനയ്ക്ക് അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി നേതൃത്വം നൽകുന്നു. (ഗിരിദീപം കൺവെൻഷൻ സെന്റർ, നാലാഞ്ചിറ 26 – 04 – 2019)

Printed and Published by the Chancellor, Major Archdiocese of Trivandrum

Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116